بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 42

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഒക്ടോബർ 18/ഹി:ശം:1397 ഇഖാ 18/ഹി:ഖ:1440 മുഹർറം 08


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا
كُلُوۡا مِنۡ طَيِّبٰتِ مَا رَزَقۡنٰكُمۡ
وَاشۡكُرُوۡا لِلّٰهِ اِنۡ كُنۡتُمۡ اِيَّاهُ تَعۡبُدُوۡنَ

സത്യവിശ്വാസികളേ! നാം നിങ്ങൾക്ക് നല്കിയിട്ടുള്ള നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവിനോടു നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക; അവനെതന്നെയാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ. (2:173)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**യുക്തിജ്ഞാനങ്ങളുടേയും ഈശ്വരീയ ജ്ഞാനങ്ങളുടേയും സമുച്ചയമാണ് വിശുദ്ധ ഖുർആൻ. അത് പച്ചയോ ഉണങ്ങിയതോ ആയ പ്രയോജനമില്ലാത്ത ഒരു ഭണ്ഡാരവും ഉൾക്കൊള്ളുന്നില്ല. വിശുദ്ധ ഖുർആൻ എല്ലാ തരത്തിലുള്ള ഈശ്വരീയജ്ഞാനങ്ങളും രഹസ്യങ്ങളുമടങ്ങിയ ഗ്രന്ഥമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### വിശുദ്ധ ഖുർആനിന്റെ ശേഖരിപ്പ്:

“യുക്തിജ്ഞാനങ്ങളുടേയും ഈശ്വരീയ ജ്ഞാനങ്ങളുടേയും സമുച്ചയമാണ് വിശുദ്ധ ഖുർആൻ. അത് പച്ചയോ ഉണങ്ങിയതോ ആയ പ്രയോജനമില്ലാത്ത ഒരു ഭണ്ഡാരവും ഉൾക്കൊള്ളുന്നില്ല. എല്ലാ ഓരോ കാര്യത്തിന്റേയും വ്യാഖ്യാനം അത് സ്വയം നല്കുന്നു. എല്ലാ ഓരോ തരത്തിലുള്ള ആവശ്യങ്ങളുടേയും സാധനസാമഗ്രികളും അതിന്റെ ഉള്ളിലുണ്ട്. അത് എല്ലാ ഓരോ വശത്തൂടെയും അടയാളവും ദൃഷ്ടാന്തവുമാണ്. ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയാണെങ്കിൽ നാം എല്ലാ വശത്തൂടെയും അതിന്റെ മഹാത്ഭുതം സ്ഥാപിക്കുന്നതിനും കാണിക്കുന്നതിനും തയ്യാറാണ്. ഈയിടെയായി തൗഹീദിന്റേയും ദൈവാസ്തിത്വത്തിന്റേയുംമേൽ വളരെ ശക്തമായ ആക്രമണം നടന്നുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളും വളരെയധികം ശക്തി കാണിക്കുകയും എഴുതുകയും ചെയ്തു. പക്ഷേ, എന്തൊന്ന് പറയുകയും എഴുതുകയും ചെയ്തുവോ അത് ഇസ്ലാമിന്റെ ദൈവത്തെക്കുറിച്ച് തന്നെയാണ് എഴുതിയത്. അല്ലാതെ ഒരു മൃതവും കുരിശിൽ തറച്ചുകൊല്ലപ്പെട്ടതും കഴിവറ്റവനുമായ ദൈവത്തെ കുറിച്ചല്ല. ആരാണോ അല്ലാഹുവിന്റെ അസ്തിത്വത്തിന്റേയും സാന്നിധ്യത്തിന്റേയുംമേൽ തൂലിക ഉയർത്തുന്നത് അവന് അവസാനം ഇസ്ലാം സമർപിക്കുന്ന ദൈവത്തിലേക്ക് വരേണ്ടിവരുമെന്ന് നാം ആധികാരികമായി പറയുകയാണ്. എന്തുകൊണ്ടെന്നാൽ പ്രകൃതിപുസ്തകത്തിലെ ഓരോരോ പേജിൽനിന്ന് അവനെ കുറിച്ചുള്ള വിവരം ലഭിക്കുന്നു. മനുഷ്യപ്രകൃതിത്തന്നെയും അതേ ദൈവത്തിന്റെ ചിത്രം ഉൾക്കൊള്ളുന്നുണ്ട്. ചുരുക്കത്തിൽ അത്തരം വ്യക്തിയുടെ ചുവട് ഉയരുമ്പോൾ അത് ഇസ്ലാമിന്റെ തന്നെ മൈതാനത്തിലേക്കായിരിക്കും ഉയരുക. ഇതും ഒരു മഹത്തായ ദിവ്യാത്ഭുതമാണ്.

### വിശുദ്ധ ഖുർആനിന്റെ വെല്ലുവിളി:

ആരെങ്കിലും വിശുദ്ധ ഖുർആനിന്റെ ഈ ദിവ്യാത്ഭുതം നിഷേധിക്കുകയാണെങ്കിൽ ഒരേയൊരു വശത്തൂടെ നമുക്ക് പരീക്ഷിക്കാവുന്നതാണ്. അതായത് വിശുദ്ധഖുർആനെ അല്ലാഹുവിന്റെ ഗ്രന്ഥമായി മനസ്സിലാക്കാത്ത ഏതെങ്കിലും വ്യക്തി, ഈ വെളിച്ചത്തിന്റേയും ശാസ്ത്രത്തിന്റേയും കാലഘട്ടത്തിൽ അല്ലാഹുവിന്റെ അസ്തിത്വത്തിന് തെളിവുകൾ എഴുതട്ടെ. അപ്പോൾ നാം അതിന്നെതിരിൽ ആ തെളിവുകളെല്ലാം വിശുദ്ധ ഖുർആനിൽനിന്നു എടുത്ത് കാണിക്കുന്നതായിരിക്കും. ആ വ്യക്തി ദൈവത്തിന്റെ ഏകത്വത്തിനുള്ള തെളിവുകളെഴുതിയാൽ ആ തെളിവുകളും നാം വിശുദ്ധ ഖുർആനിൽ നിന്നുതന്നെ എടുത്തു കാണിക്കുന്നതായിരിക്കും. എന്നിട്ട് അയാൾ വിശുദ്ധഖുർആനിൽ ഇല്ലാത്തതോ വിശുദ്ധ ഖുർആനിൽ ഇല്ലെന്ന് അയാൾ കരുതുന്നതോ ആയ ആ സത്യസാക്ഷ്യങ്ങളേയും അധ്യാപനങ്ങളേയും കുറിച്ചെഴുതട്ടെ. അപ്പോൾ നാം അത്തരം വ്യക്തിക്ക് വിശുദ്ധ ഖുർആനിന്റെ **ഫീഹാ കുതുബുൻ ഖയ്യിമ** (98:4)എന്ന വാദം എത്രമാത്രം വ്യക്തവും സത്യവുമാണെന്ന് സ്പഷ്ടമായ നിലയിൽ കാണിച്ചുകൊടുക്കുന്നതായിരിക്കും. ഇനി യഥാർഥവും പ്രകൃതിപരമായ മതത്തേയും കുറിച്ചാണ് എഴുതാനാഗ്രഹിക്കുന്നതെങ്കിൽ നാം എല്ലാ വശത്തൂടേയും വിശുദ്ധ ഖുർആനിന്റെ ദിവ്യാത്ഭുതം സ്ഥാപിച്ചുകാണിക്കുന്നതായിരിക്കും. എല്ലാ സത്യസാക്ഷ്യങ്ങളും പരിശുദ്ധമായ അധ്യാപനങ്ങളും വിശുദ്ധഖുർആനിലുണ്ടെന്ന് പറഞ്ഞുതരുന്നതായിരിക്കും.

വിശുദ്ധ ഖുർആൻ എല്ലാ തരത്തിലുള്ള ഈശ്വരീയജ്ഞാനങ്ങളും രഹസ്യങ്ങളുമടങ്ങിയ ഗ്രന്ഥമാണ്. പക്ഷേ, അതു കരസ്ഥമാക്കുന്നതിന്, ഞാൻ വീണ്ടും പറയുകയാണ്: **ലാ യമസ്സുഹൂ ഇല്ലൽ മുത്വഹ്ഹറൂൻ**(56:80) എന്നതിൽ അല്ലാഹു പറഞ്ഞ ആ പരിശുദ്ധ ശക്തിയുടെ ആവശ്യമുണ്ട്.

ഇപ്രകാരംതന്നെ അർഥഗാംഭീര്യത്തിലും സാഹതീയസൗന്ദര്യത്തിലും(അതിനെ നേരിടാൻ കഴിയുകയില്ല). ഉദാഹരണത്തിന് സൂറാ ഫാത്തിഹായുടെ നിലവിലുള്ള ഘടന വിട്ട് മറ്റൊരു ഘടന ഉപയോഗിച്ചാൽ ഈ ഘടനയിലുള്ള ഉന്നതമായ അർഥങ്ങളും മഹത്തായ ലക്ഷ്യങ്ങളും മറ്റേതെങ്കിലും ഘടനയിൽ വിവരിക്കാൻ സാധിക്കുകയില്ല. ഏതു അധ്യായം വേണമെങ്കിലും എടുത്തുനോക്കിക്കൊള്ളുക; **ഖുൽ ഹുവല്ലാഹു അഹദ്** ആണെങ്കിലും വേണ്ടില്ല. എത്രമാത്രം വശ്യശക്തിയും ആസ്വാദനത്തിന്റെ പരിഗണനയും അടിസ്ഥാനമാക്കിയാണോ അതിൽ ദൈവജ്ഞാനങ്ങളും യാഥാർഥ്യങ്ങളുമുള്ളത് അത് വിവരിക്കാൻ മറ്റാർക്കും സാധിക്കുകയില്ല. ഇതും വിശുദ്ധ ഖുർആനിന്റെ മാത്രം അമാനുഷികതയാണ്. അജ്ഞരായ ചിലർ ‘മഖാമാത്തെ ഹരീരി’യും ‘സബ്അമുഅല്ലഖാത്തും’ അനുപമവും അതുല്യവുമാണെന്ന് പറയാറുണ്ട്. ഇപ്രകാരം വിശുദ്ധ ഖുർആനിന്റെ അതുല്യതയുടെമേൽ ആക്രമണം നടത്താൻ ആഗ്രഹിക്കുന്നു. ‘ഹരീരി’യുടെ കർത്താവ് എവിടേയും അത് അതുല്യമാണെന്ന് വാദിച്ചിട്ടില്ലെന്ന കാര്യംപോലും അവർ മസ്സിലാക്കുന്നില്ല. ഇതിനുപുറമെ ആക്ഷേപകർ ധാർമികതയും സത്യസന്ധതയും മനസ്സിൽ ഉൾക്കൊള്ളുന്നില്ല. മറിച്ച് അതിനെ വിട്ടുകൊണ്ട് കേവലം പദങ്ങളിലേക്ക് പോകുകയാണ് ചെയ്യുന്നത്. മുകളിൽ പറഞ്ഞ ഗ്രന്ഥങ്ങൾ സത്യസന്ധതയിൽനിന്നും യുക്തിജ്ഞാനത്തിൽനിന്നും ശൂന്യമാണ്.

### അമാനുഷികതയുടെ സവിശേഷത:

അമാനുഷികതയുടെ സവിശേഷതയും കാരണവും പറയുന്നത് എല്ലാ ഓരോ തരത്തിലുള്ള സൂക്ഷ്മതയും പാലിക്കുക എന്നതാണ്. അർഥഗാംഭീര്യത്തേയും സഹതീയസൗന്ദര്യത്തേയും കൈയിൽനിന്ന് വിട്ടുകളയാൻ പാടില്ല. സത്യസാക്ഷ്യവും യുക്തിജ്ഞാനവും വിട്ടു കളയരുത്. ഈ അമാനുഷികത വിശുദ്ധ ഖുർആനിന്റേതു മാത്രമാണ്; അത് സൂര്യനെപോലെ വിളങ്ങുന്നു. എല്ലാ വശത്തൂടേയും അത് അമാനുഷികശക്തി ഉൾക്കൊള്ളുന്നു. ഇഞ്ചീലിനെപ്പോലെ ‘ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിച്ചുകൊടുക്കുക’ എന്ന പറച്ചിൽമാത്രമല്ല. ഇത്തരത്തിലുള്ള അധ്യാപനം യുക്തിപരമായ കർമങ്ങളുമായി എവിടെ ബന്ധം വെക്കാനാണ്. മനുഷ്യപ്രകൃതിയുടെ പരിഗണന അതിൽ എവിടെയാണുള്ളത്?

ഇതിന്നെതിരിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനം വായിക്കുകയാണെങ്കിൽ അതിന്റെ ഇത്രമാത്രം സമ്പൂർണവും അന്യൂനവുമായ അധ്യാപനം പോലെ മനുഷ്യന്റെ ചിന്താഗതികൾ ഇങ്ങനെ എല്ലാ വിധത്തിലും കഴിവുറ്റതോ ഭൗമികമായ ബുദ്ധിയുടേയും ചിന്തയുടേയും ഫലമോ ആകുകയില്ലെന്ന് അറിയാൻ കഴിയുന്നതാണ്. നമ്മുടെ മുമ്പിൽ ആയിരം മിസ്ക്കീൻ ഉണ്ടാകുകയും അവരിൽ കുറച്ചുപേർക്ക് എന്തെങ്കിലും അല്പം കൊടുക്കുകയും മറ്റുള്ളവരെ കുറിച്ച് ചിന്തപോലും ഇല്ലാതിരിക്കുകയും ചെയ്യുക എന്നത് സംഭാവ്യമാണോ? ഇപ്രകാരമാണ് ഇഞ്ചീൽ ഒരൊറ്റ വശത്തുമാത്രം നിലകൊള്ളുന്നത്. മറ്റുള്ള വശങ്ങളെ കുറിച്ച് അതിന് ചിന്തപോലുമില്ല. നാം ഈ ആരോപണം ഇഞ്ചിലിനുമേൽ നടത്തുകയല്ല. കാരണം ഇത് യഹൂദികളുടെ കർമഫലമാണ്. അവരുടെ യോഗ്യതയ്ക്കനുസരിച്ച് ഇഞ്ചീൽ വന്നു! അവരെപോലെതന്നെ അവരുടെ ഗ്രന്ഥവും! അതിൽ ആർക്ക് എന്തു കുറ്റമാണുള്ളത്? *(മൽഫൂദാത്ത് വാല്യം 1 പേജ് 52–53 2003 എഡിഷൻ)*


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**മസ്ജിദ് നിർമാണത്തിന്റെ യഥാർഥ ഉദ്ദേശ്യം സഫലമാകുന്നത് അതിനെ ആത്മാർഥരും ആരാധകരുമായ ആളുകളെക്കൊണ്ട് നിറയ്ക്കാൻ ഗൗരവത്തോടെ ശ്രമിക്കുമ്പോഴാണ്.**

**തങ്ങളുടെ ഇബാദത്തിന്റെ നിലവാരം നിരന്തരം ഉയർത്തിക്കൊണ്ടുപോകാൻ ശ്രമിക്കേണ്ടതാണ്.**

**നമസ്കാരങ്ങൾ കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുക.**
**പൂർണമായ ആത്മാർഥതയോടും ഉത്സാഹത്തോടുംകൂടി നിർവഹിക്കുക.**

**മസ്ജിദ് ബയ്ത്തുൽ മുഖീത്തിന്റെ(വാൽസാൽ, ബ്രിട്ടൺ)ഉൽഘാടനാവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബി നസ്രിഹിൽ അസീസിന്റെ പ്രഭാഷണം.**

*(2008 മെയ് 12ന് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബി നസ്വ്രിഹിൽ അസീസ് വാൽസാൽ (Walsall) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പുതിയ മസ്ജിദ് 'ബയ്ത്തുൽമുഖീത്തി'ന്റെ ഉൽഘാടന കർമം നിർവഹിച്ചു. വാൽസാളിൽ മസ്ജിദിനുള്ള സ്ഥലം 2009 ലാണ് വാങ്ങിയത്. 2012 മാർച്ചിൽ ഹുദൂർ അയ്യദഹുല്ലാഹ് വാൽസാലിൽ വന്ന് ഈ സ്ഥലത്ത് മസ്ജിദിന്റെ ശിലാകർമം നടത്തുകയും മസ്ജിദിന് "ബയ്ത്തുൽ മുഖീത്ത്" എന്ന് പേരിടുകയും ചെയ്തു. മസ്ജിദ് നഗരമധ്യത്തിൽ തുറസായ സ്ഥലത്താണുള്ളത്. മസ്ജിദ് നിർമാണത്തിന് തദ്ദേശ ജമാഅത്ത് അസാധാരണമായ ത്യാഗങ്ങളാണ് സമർപിച്ചത്. ഈ മസ്ജിദിൽ 550 ആളുകൾക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്. വാൽസാളിലെത്തിയപ്പോൾ ജമാഅത്തംഗങ്ങൾ ഹുദൂറിനെ ഊഷ്മളമായ വരവേല്പ് നല്കി. ആൺകുട്ടികളും പെൺകുട്ടികളും സ്വാഗതഗാനങ്ങൾ ആലപിച്ചുകൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ സ്വാഗതം ചെയ്തു. ഹുദൂർ സ്മാരക ഫലകം അനാച്ഛാദനം ചെയ്തു. ദുആ ചെയ്യിച്ചു. അതിനുശേഷം ഹുദൂർ പുരുഷന്മാരുടെ ഹാളിലെത്തുകയും അസ്വ്ർ നമസ്കാരം നമസ്കരിപ്പിക്കുകയും ചെയ്തു. തുടർന്ന് ജമാഅത്തംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച ഹ്രസ്വമായ പരിപാടിയിൽ ഹുദൂർ പങ്കെടുത്തു സംസാരിച്ചു. ഹുദൂറിന്റെ ഈ പ്രഭാഷണം 2018 സെപ്റ്റംബർ 7 ലെ അൽഫള്ൽ ഇന്റർനാഷണലിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അവർക്കു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ബദ്ർ അനുവാചകർക്കുവേണ്ടി ഞങ്ങളിവിടെ പ്രസിദ്ധീകരിക്കുകയാണ്.(പത്രാധിപർ)*

സയ്യിദുനാ ഹുദൂർ അയ്യദഹുല്ലാഹ് തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനുശേഷം പറഞ്ഞു: 'അൽഹംദുലില്ലാഹ്! അല്ലാഹു നിങ്ങൾക്ക് പുതിയ മസ്ജിദ് പ്രദാനം ചെയ്തിരിക്കുകയാണ്. ഇപ്പോൾ അതിന്റെ നിർമാണം പൂർത്തിയായിരിക്കുന്നു. ഇന്ന് അതിന്റെ ഉൽഘാടനം നടക്കുകയാണ്.'

ഹുദൂർ പറഞ്ഞു: "ഓർമിക്കുക! മസ്ജിദ് നിർമാണത്തിന്റെ യഥാർഥ ഉദ്ദേശ്യം സഫലമാകുന്നത് അതിനെ ആത്മാർഥരും ആരാധകരുമായ ആളുകളെക്കൊണ്ട് നിറയ്ക്കാൻ ഗൗരവത്തോടെ ശ്രമിക്കുമ്പോഴാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ജമാഅത്തംഗങ്ങളുടെമേൽ വളരെ വലിയ ഉത്തരവാദിത്വമാണ് വന്നു ഭവിക്കുന്നത്. അവർ തങ്ങളുട ഇബാദത്തിന്റെ നിലവാരം നിരന്തരം ഉയർത്തിക്കൊണ്ടുപോകാൻ ശ്രമിക്കേണ്ടതാണ്.

രണ്ടാമത്തേത് പരസ്പരമുള്ള ബന്ധങ്ങളിലും അനഹ്മദികളോടും അമുസ്‌ലീംകളോടുമുള്ള ബന്ധങ്ങളിലും നിങ്ങൾ സ്നേഹവും സഹതാപവും പ്രകടിപ്പിക്കുകയും മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ്. ഈ രീതിയിൽമാത്രമാണ് നിങ്ങൾ ഈ മസ്ജദിനോടുള്ള കടമകൾ നിറവേറ്റുന്നവരായിത്തീരുന്നത്.

ഹുദൂർ പറഞ്ഞു: എപ്പോഴും ഓർക്കുക! ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സ്വാർഥപരമായ എല്ലാ ആഗ്രഹങ്ങളിൽനിന്നും സ്വയം നിങ്ങളെ രക്ഷിക്കേണ്ടത് നിർബന്ധമാണ്. അപരിചിതരായ ഓരോരുത്തരും നിങ്ങളെ കാണുമ്പോൾ നിങ്ങളുടെ സംസാരങ്ങളിലും നിങ്ങളുടെ സ്വഭാവങ്ങളിലും നിങ്ങളുടെ ശീലങ്ങളിലും ദൃഷ്ടി പതിപ്പിക്കുന്നതാണ്. നിങ്ങളുടെ ദൃഢചിത്തതയുടേയും അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുന്നതിന്റേയും നിലവാരം അവർ നോക്കുന്നതായിരിക്കും. നിങ്ങൾ ഉന്നത നിലവാരത്തിലല്ലെങ്കിൽ അത്തരം വ്യക്തി നിങ്ങളുടെ ദൗർബല്യങ്ങൾ കണ്ട് വഞ്ചിതനാകും. അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ പരിഷ്കരണം നടത്തുകയും ദൗർബല്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

ഹുദൂർ പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഒരാളുടെ കർമം ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ചും തന്റെ ഈമാനിന്റെ തേട്ടങ്ങൾ പൂർത്തിയാക്കുന്നതുമല്ലെങ്കിൽ അവൻ മറ്റുള്ളവരെ നിരാശരാക്കുന്നതിനും നെഗറ്റീവായ നിലയിൽ തന്റെ വിശ്വാസംകൊണ്ട് ആകർഷിപ്പിക്കുന്നതിനും നിമിത്തമാകുന്നതായിരിക്കും. അതുകൊണ്ട് മറ്റുള്ളവർ തഖ്‌വയിലേക്ക് ശ്രദ്ധിക്കുന്നതിന് ഉത്തമമായ മാതൃക സ്ഥാപിക്കുന്നതിന് നമ്മളെപ്പോഴും ശ്രമിക്കേണ്ടതാണ്.'

ഹുദൂർ പറഞ്ഞു:ഇപ്പോൾ നിങ്ങൾക്ക് ഈ മസ്ജിദ് നല്കപ്പെട്ടിരിക്കുകയാണ്. ഇനി നിങ്ങൾക്ക് ഒരു ഒഴികഴിവും പറയാൻ പറ്റുകയില്ല. അതുകൊണ്ട് തദ്ദേശ ജമാഅത്തിലെ എല്ലാ അംഗങ്ങളേയും അല്ലാഹുവിനോടുള്ള അവരുടെ ബന്ധം ശക്തിപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ മഹത്തായ അനുഗ്രഹത്തിൽനിന്ന് പൂർണമായും ഫലമെടുക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: ഇതിനുപുറമെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരം അനുഷ്ഠിക്കേണ്ടതിന്റെ പ്രാധാന്യം നമ്മളോടു ആവർത്തിച്ച് പറയുകയുണ്ടായി. സകല ഭൗതികജോലികളെക്കാളും മുൻഗണന നമ്മൾ നമസ്കാരത്തിന് നല്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ചിലയാളുകൾ അമ്പതു വർഷമോ അതിനെക്കാൾ കൂടുതലോ നമസ്കരിക്കാറുണ്ട്. പക്ഷേ, അതിൽനിന്ന് ഒരു ഫലവുമെടുക്കുന്നില്ല. നമസ്കാരം മുഖേന മനുഷ്യന് കേവലം അഞ്ചുദിവസംകൊണ്ട് യഥാർഥ പരിശുദ്ധി കരസ്ഥമാക്കാൻ കഴിയുമ്പോഴാണിത്! നമസ്കാരം അത്രമാത്രം മഹത്തായ കാര്യമാണ്.




അവിടന്ന് പറയുന്നു: 'ഓർക്കുക! അല്ലാഹു ചില നമസ്കാരക്കാരുടെമേൽ ശാപം ചൊരിഞ്ഞിരിക്കുന്നു; വിശുദ്ധ ഖുർആൻ *വയ്‌ലുൻ ലിൽ മുസ്വല്ലീൻ* എന്നു പറഞ്ഞതുപോലെ! വയ്‌ലുൻ എന്ന പദം 'ലഅ്നത്ത്' എന്ന അർഥവും ഉൾക്കൊള്ളുന്നു. അതുകൊണ്ട് മനുഷ്യൻ ഫർള് നമസ്കാരങ്ങൾ നിർവഹിക്കുന്നതിൽ മടിയോ അലസതയോ കാണിക്കാതിരിക്കേണ്ടത് അനിവാര്യമാണ്.'

ഹുദൂർ(അ) വീണ്ടും പറയുന്നു: നമ്മുടെ ജമാഅത്ത് യഥാർഥ അർഥത്തിൽ ആത്മാർഥ ജമാഅത്താകാൻ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് ഒരു തരത്തിലുള്ള മരണം വരിക്കേണ്ടതായി വരുന്നതാണ്. എല്ലാത്തരം ശരീരേച്ഛകളിൽനിന്നും സ്വാർഥതാൽപര്യങ്ങളിൽനിന്നും രക്ഷപ്പെടേണ്ടതാണ്. സർവ കാര്യങ്ങളിലും അല്ലാഹുവിനെ മുന്തിക്കേണ്ടതാണ്. കപടതയും തരംതാണ ആഗ്രഹങ്ങളും മനുഷ്യനെ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മുന്നറിയിപ്പുകളെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അവയിൽ ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: ഈ മസ്ജിദിന്റെ ഉൽഘാടനത്തോടൊപ്പം നിങ്ങളുടെ ഉത്തരവാദിത്വങ്ങളും മുമ്പേയുള്ളതിനെക്കാൾ കൂടിയിരിക്കുന്നുവെന്ന് ഓർക്കുക. നിങ്ങൾ ഉത്തമമായ രീതിയിലും ഉദാത്തമായ കഴിവുകളോടുംകൂടി അത് നിർവഹിക്കുമെന്ന് ദൃഢനിശ്ചയം ചെയ്യേണ്ടതാണ്. അതിനാൽ ഞാൻ പ്രതീക്ഷിക്കുകയും ദുആ ഇരക്കുകയുമാണ്: നിങ്ങൾ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. നമസ്കാരങ്ങൾ കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുക. പൂർണമായ ആത്മാർഥതയോടും ഉത്സാഹത്തോടുംകൂടി നിർവഹിക്കുക. ഇപ്രകാരംതന്നെ പരസ്പരവും സൊസൈറ്റിയിലെ മറ്റാളുകളോടുള്ള ബന്ധങ്ങളിൽ അനുകമ്പയോടും ദയയോടും കൂടി പെരുമാറുക. അതുപോലെതന്നെ യഥാർഥ ഇസ്‌ലാമിന്റെ പ്രതിനിധിയാകാനും ഇസ്‌ലാമിനെ സംബന്ധിച്ചുള്ള മറ്റുള്ളവരുടെ തെറ്റായധാരണകൾ അകറ്റാനും ശ്രമിക്കുക. അല്ലാഹു നിങ്ങൾക്ക് ഈ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാനും ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ച് ജീവിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. തദ്ദേശ ജമാഅത്തിലെ എല്ലാവർക്കും അല്ലഹു ബർക്കത്ത് നല്കുമാറാകട്ടെ. നിങ്ങളെല്ലാവരേയും അഹ്മദിയ്യത്തിന്റെ ആത്മാർഥരും കൂറുള്ളവരുമായ സേവകരാക്കട്ടെ. അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ദുആ ചെയ്യിച്ചു.

☆☆☆

# ഖുത്ബ ജുമുഅ

**കഴിഞ്ഞ ദിനങ്ങളിൽ എനിക്ക് ജർമനിയിലും ബെൽജിയമിലും നടന്ന ജൽസസാലാനകളിൽ പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ടു ജൽസയും വളരെ അനുഗൃഹീതമായിരുന്നു.**

**ജർമനി ജമാഅത്തിൽ ജൽസയുടെ സംവിധാനം ഒരളവോളം സുസംഘടിതമായി കഴിഞ്ഞിരിക്കുന്നു. പുറത്തുനിന്ന് അവിടേയും ധാരാളം അതിഥികൾ വരുന്നുണ്ട്. ചുറ്റുമുള്ള കിഴക്കൻ യൂറോപ്പിലെ ആളുകളെ കൂടാതെ ചില മറ്റു രാജ്യങ്ങളിൽ നിന്നും ജൽസയിൽ പങ്കെടുക്കാൻ ജനങ്ങൾ എത്തുന്നു. ഈ വർഷം ചില ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ആളുകൾ അവിടെ ജൽസയിൽ പങ്കെടുത്തു. എപ്പോഴുമെന്നപോലെ പുറത്തു നിന്നു വരുന്ന അതിഥികൾക്ക് നമ്മുടെ ജൽസകളിൽ നല്ല മതിപ്പു തോന്നാറുണ്ട്. അതവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു.ജർമനിയിലും ബെൽജിയമിലും പങ്കെടുത്തവരും ഇക്കാര്യം പ്രകടിപ്പിക്കുകയുണ്ടായി. ജമാഅത്തിനെ കുറിച്ച് നല്ല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു.**

**ജർമനിയിലേയും ബെൽജിയമിലേയും ജൽസാസാലാനയെ സംബന്ധിച്ച് അതിഥികളുടേയും പങ്കെടുത്തവരുടേയും നല്ല അഭിപ്രായങ്ങളുടെ ചൈതന്യവത്തായ ചർച്ചയും അത് ഉദ്ധരിച്ച് ജമാഅത്തംഗങ്ങൾക്ക് ഉപദേശങ്ങളും.**

**ഇന്നുമുതൽ ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ.യുടെ ഇജ്തിമായും ആരംഭിക്കുകയാണ്. ഇതു സംബന്ധിച്ച് അതിൽ പങ്കെടുക്കുന്ന എല്ലാ ഖുദ്ദാമിനേയും ഞാൻ ഓർമിപ്പിക്കുകയാണ്, പ്രദേശവാസികളിൽ നല്ല സ്വാധീനമുണ്ടാക്കുംവിധം നിങ്ങൾ പെരുമാറുക. അല്ലാഹു അവരുടെ ഇജ്തിമായും അനുഗൃഹീതമാക്കുമാറാകട്ടെ.**

**ഇരുജൽസകളിലും പ്രവർത്തിച്ചവരോട് ഞാൻ നന്ദി പറയുകയാണ്. ജർമനിയിലും ബെൽജിയമിലും അവർ തങ്ങളുടെ കഴിവും പ്രാപ്തിയുമനുസരിച്ച് ജൽസയിൽ പങ്കെടുത്ത അതിഥികളെ സേവിച്ചു. അതുപോലെ, പങ്കെടുത്ത എല്ലാവരും അവിടത്തെ അഹ്മദികളോടും നന്ദി പറയേണ്ടതാണ്.**

**അല്ലാഹു സേവനത്തിന് അവസരം നല്കിയതിൽ പ്രവർത്തകരും നന്ദി പ്രകടിപ്പിക്കേണ്ടതാണ്. വന്നു പോയിട്ടുള്ള കുറ്റങ്ങളെയും കുറ വുകളെയും സംബന്ധിച്ച് ഭാവിയിൽ എന്തു ചെയ്യാനാകുമെന്ന് ചിന്തിക്കുകയും വരും വർഷങ്ങളിൽ എങ്ങനെ മെച്ചപ്പെടുത്താനാകുമെന്ന് നോക്കുകയും ചെയ്യുക.**

**ഞാൻ ചില അതിഥികളുടെ പ്രതികരണങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്. ജൽസയുടെ അനുഗ്രഹങ്ങൾ അഹ്മദികളെ മാത്രമല്ല, അന്യരേയും സ്വാധീനിക്കുന്നുവെന്ന് ഈ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാകുന്നു.**

**കനഡയിലെ സയ്യിദ് ഹസനാത്ത് അഹ്മദ് സാഹിബ്, ഇന്തൊനേഷ്യയിലേയും ഹോളണ്ടിലേയും മുബല്ലിഗായിരുന്ന ഹാഫിള് ഖുദ്റത്തുല്ലാഹ് സാഹിബിന്റെ ഭാര്യമുബാറക്ക ശൗക്കത്ത് സാഹിബ, ആസ്ട്രേലിയയിലെ നായിബ് അമീർ ചൗദരി ഖാലിദ് സയ്ഫുല്ലാഹ് സാഹിബ് എന്നിവരെ കുറിച്ചുള്ള സ്മരണയും ജനാസ ഗാഇബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 സെപ്റ്റംബർ 21/1397 തബൂക് 21**
**ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ദിനങ്ങളിൽ എനിക്ക് ജർമനിയിലും ബെൽജിയമിലും നടന്ന ജൽസസാലാനകളിൽ പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചു. എം.ടി. എ പ്രേഷകരും നിങ്ങളും അതു കണ്ടിട്ടുണ്ടാകും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ടു ജൽസയും വളരെ അനുഗൃഹീതമായിരുന്നു. ജർമനിയിൽ വലിയ ജമാഅത്താണ്.വർഷങ്ങളായി അവിടെ നടക്കുന്ന ജൽസകളിൽ മുമ്പേ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)പങ്കെടുത്തുകൊണ്ടിരുന്നു, ഇപ്പോൾ ഞാനും പങ്കെടുത്തുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജർമനി ജമാഅത്തിൽ ജൽസയുടെ സംവിധാനം ഒരളവോളം സുസംഘടിതമായി കഴിഞ്ഞിരിക്കുന്നു. അവിടേയും ധാരാളം അതിഥികൾ പുറത്തുനിന്ന് വരുന്നുണ്ട്. ചുറ്റുമുള്ള കിഴക്കൻ യൂറോപ്പിലെ ആളുകളെ കൂടാതെ ചില മറ്റു രാജ്യങ്ങളിൽ നിന്നും ജൽസയിൽ പങ്കെടുക്കാൻ ജനങ്ങൾ എത്തുന്നു. ഈ വർഷം ചില ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ആളുകൾ അവിടെ ജൽസയിൽ പങ്കെടുത്തു. എപ്പോഴുമെന്നപോലെ പുറത്തു നിന്നു വരുന്ന അതിഥികൾക്ക് നമ്മുടെ ജൽസകളിൽ നല്ല മതിപ്പു തോന്നാറുണ്ട്. അതവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ജർമനിയിലും ബെൽജിയമിലും പങ്കെടുത്തവരും ഇക്കാര്യം പ്രകടിപ്പിക്കുകയുണ്ടായി. ജമാഅത്തിനെ കുറിച്ച് നല്ല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഇസ്ലാമിന്റെ യഥാർഥ അധ്യാപനമെന്തെന്ന് തങ്ങൾക്ക് ഇവിടെ വന്നപ്പോൾ മനസ്സിലായി എന്ന് പറഞ്ഞ് ജൽസയുടെ സംവിധാനത്തെയും പൊതുവായ അന്തരീക്ഷത്തെയും അവർ പ്രശംസിച്ചു. മുമ്പേ പങ്കെടുത്തിട്ടുള്ള ചിലർ വീണ്ടും വരുകയുണ്ടായി. ഇക്കാലത്ത് മാധ്യമങ്ങൾ ഇസ്ലാമിനെ കുറിച്ച് വളരെ മോശമായ ചിത്രമാണ് പ്രദർശിപ്പിക്കുന്നതെന്നും അത് അങ്ങേയറ്റം ഭയാനകമായ ചിത്രമാണെന്നും ഇസ്ലാമിന്റെ യഥാർഥ അധ്യാപനവും സത്യവാനായ മുസ്ലിമിന്റെ കർമവും അതിന് തികച്ചും വിരുദ്ധമാണെന്നും അവർ പറഞ്ഞു. ജൽസയിൽ പങ്കെടുത്തുകൊണ്ട് ഈ ആളുകൾ ഓരോ പ്രവർത്തകനെയും ഓരോ ഓഫീസറെയും എന്നല്ല ഓരോ അഹ്മദിയെയും അവരുടെ കർമങ്ങളെന്താണെന്ന് വളരെ ശ്രദ്ധാപൂർവം നോക്കുന്നു. അധ്യാപനം നല്ലതാണെങ്കിലും അതിൽ വിശ്വസിക്കുന്നവരുടെ കർമം നല്ലതല്ലെങ്കിൽ ആ അധ്യാപനത്തിന് നല്ല സ്വാധീനമുണ്ടാകുകയില്ല. ഈ നിലയിൽ ജൽസയുടെ എല്ലാ സന്നദ്ധസേവകരും ഞാൻ മുമ്പേ പലപ്രാവശ്യവും പറഞ്ഞു കഴിഞ്ഞിട്ടുള്ളതുപോലെ പ്രവർത്തകരും പങ്കെടുക്കുന്നവരും ഒരു നിശബ്ദമായ പ്രബോധനത്തിൽ ഭാഗഭാക്കാകുകയാണ് ചെയ്യുന്നത്; അതുപോലെതന്നെ അമുസ്ലിംകളുടെ മനസ്സിൽനിന്ന് ഇസ്ലാമിനെ കുറിച്ചുള്ള തെറ്റായ അഭിപ്രായങ്ങളേയും മുൻവിധികളേയും അകറ്റുകയും ചെയ്യുന്നു. മുസ്ലീംകളുടെ മനസ്സുകളിൽ നാമധാരികളായ ഉലമാ തെറ്റായ പ്രചാരണം നടത്തി ഉണ്ടാക്കിയിട്ടുള്ള തെറ്റായ ധാരണകളും ദൂരീകരിക്കുന്നു. ആളുകൾ നമ്മെ കുറിച്ച് പറയുന്നത് നഊദുബില്ലാഹ് നമ്മൾ മുസ്ലീംകളല്ലെന്നാണല്ലോ. കലിമ ചൊല്ലുന്നില്ല; നബി(സ)തിരുമേനിയെ അവസാനത്തെ പ്രവാചകനായി വിശ്വസിക്കുന്നില്ല; അവിടന്ന് ഖാത്തമുന്നബിയ്യീൻ ആണെന്ന് അംഗീകരിക്കുന്നില്ല; എന്നല്ല അവരുടെ വിശുദ്ധ ഖുർആൻതന്നെയും വേറെയാണെന്നും ആക്ഷേപിക്കുന്നു. എന്നാൽ, അഹ്മദികളുമായി കൂടിക്കാഴ്ച നടത്തുകയും ജൽസയുടെ അന്തരീക്ഷം നേരിൽ കാണുകയും ചെയ്യുന്ന ധാരാളം മുസ്ലീംകളിൽനിന്ന് ഈ എല്ലാ അഭിപ്രായങ്ങളും അകലുകയും അതവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. അറേബ്യൻ രാജ്യങ്ങളിൽനിന്നും ഇന്ത്യയിൽനിന്നും പാകിസ്താനിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നും ജർമനിയിൽ പങ്കെടുത്ത മുസ്ലീംകളും ഇക്കാര്യം പ്രകടിപ്പിക്കുകയുണ്ടായി. ഇതുപോലെതന്നെ ജൽസയിൽ പങ്കെടുക്കുന്നവർ സന്നദ്ധസേവകരുടെ ജോലികളേയും ശ്ലാഘിക്കാറുണ്ട്. അവരുടെ പെരുമാറ്റങ്ങളെ പുകഴ്ത്താറുമുണ്ട്. ബെൽജിയമിലെ ജൽസയിലും അല്ലാഹുവിന്റെ കൃപയാൽ ഈ എല്ലാ കാര്യങ്ങളും കാണാൻ കഴിഞ്ഞു. ആ ജൽസയും വളരെ അനുഗൃഹീതവും വിജയപ്രദവുമായിരുന്നു. ചെറിയ ജമാഅത്തായിരുന്നിട്ടും പങ്കെടുത്തവർ അവരെക്കാൾ എത്രയോ കൂടുതലായിരുന്നിട്ടും– അതിനെ കുറിച്ച് ഞാൻ അവരുടെ സമാപന പരിപാടിയിൽ പറയുകയും ചെയ്തതാണ് അവർ വളരെ നല്ല രീതിയിൽ എല്ലാ ജോലികളും കൈകാര്യം ചെയ്തു. ഞാൻ 14 വർഷത്തിനുശേഷമാണ് അവരുടെ ജൽസയിൽ പങ്കെടുക്കുന്നത്. ഇതുകാരണം അവർ ചിന്താകുലരായിരുന്നു.പരിചയമില്ലാത്ത കാരണത്താൽ അവർക്ക് പരിഭ്രമവും ഉണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ വളരെ നല്ല ഏർപാടുകളാണ് ചെയ്തത്. അവിടേയും അമുസ്ലീംകൾ വളരെ കുറച്ചുപേരാണെങ്കിലും പങ്കെടുത്തിരുന്നു. അവർ ജൽസയുടെ ഒരുക്കങ്ങളേയും ജമാഅത്ത് അവിടെ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളേയും പൊതുവായ നിലയിൽ വളരെ പ്രകീർത്തിച്ചു. ജമാഅത്തിന്റെ പ്രവർത്തനങ്ങളേയും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുള്ള

പരിശ്രമങ്ങളേയും അവർ മൊത്തത്തിൽ സ്തുതിച്ചു പറഞ്ഞു. അതിനാൽ, ജമാഅത്ത് എവിടെയാണെങ്കിലും എവിടത്തേതാണെങ്കിലും ശരി, അന്യരിൽ സ്വാധീനം സൃഷ്ടിക്കുകയും അതു തബ്‌ലീഗിനുള്ള മാർഗമായിത്തീരുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ബയ്അത്തിൽ വന്നിട്ടുള്ളവർ തങ്ങളുടെ അവസ്ഥകളെ എത്രമാത്രം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന കാര്യം ഓരോ ജമാഅത്തംഗവും മുന്നിൽ വെക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ എല്ലാ ഇജ്തിമാകളും എല്ലാ ജൽസയും എവിടെ നടക്കുകയാണെങ്കിലും അവിടെത്തെ ആളുകളിൽ അസാധാരണമായ സ്വാധീനമാണ് ചെലുത്തുന്നത്. ഇന്നുമുതൽ ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ.യുടെ ഇജ്തിമായും ആരംഭിക്കുകയാണ്. ഇതു സംബന്ധിച്ച് അതിൽ പങ്കെടുക്കുന്ന എല്ലാ ഖുദ്ദാമിനേയും ഞാൻ ഓർമിപ്പിക്കുകയാണ്, പ്രദേശവാസികളിൽ നല്ല സ്വാധീനമുണ്ടാക്കുംവിധം നിങ്ങൾ പെരുമാറുക. അല്ലാഹു അവരുടെ ഇജ്തിമായും അനുഗൃഹീതമാക്കുമാറാകട്ടെ. കാലാവസ്ഥ മോശമായ കാരണത്താൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങളും പരിഭ്രമവും അല്ലാഹു അകറ്റുമാറാകട്ടെ. നല്ല കാലാവസ്ഥ സംജാതമാക്കട്ടെ.

ഇനി ഇരുജൽസകളിലും പ്രവർത്തിച്ചവരോട് ഞാൻ നന്ദി പറയുകയാണ്. ജർമനിയിലും ബെൽജിയമിലും അവർ തങ്ങളുടെ കഴിവും പ്രാപ്തിയുമനുസരിച്ച് ജൽസയിൽ പങ്കെടുത്ത അതിഥികളെ സേവിച്ചു. അതുപോലെ, പങ്കെടുത്ത എല്ലാവരും അവിടത്തെ അഹ്മദികളോടും നന്ദി പറയേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അതിഥികളെ സേവിക്കാൻ തങ്ങളെ സമർപിച്ചിട്ടുള്ള ഇവർ സമൂഹത്തിന്റെ വിവിധ ശ്രേണിയിലുള്ളവരും വിവിധ സ്വഭാവക്കാരുമാണ്. ബെൽജിയമിൽ ജോലി ചെയ്യുന്ന പ്രവർത്തകരുടെ കുറവുമുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും ഞാൻ പറഞ്ഞതുപോലെ വളരെ നല്ല രീതിയിൽ അവർ തങ്ങളുടെ ജോലികൾ ഭംഗിയായി നിറവേറ്റി. അതുപോലെ, അല്ലാഹു സേവനത്തിന് അവസരം നല്കിയതിൽ പ്രവർത്തകരും നന്ദി പ്രകടിപ്പിക്കേണ്ടതാണ്. വന്നു പോയിട്ടുള്ള കുറ്റങ്ങളെയും കുറവുകളെയും സംബന്ധിച്ച് ഭാവിയിൽ എന്തു ചെയ്യാനാകുമെന്ന് ചിന്തിക്കുകയും വരും വർഷങ്ങളിൽ എങ്ങനെ മെച്ചപ്പെടുത്താനാകുമെന്ന് നോക്കുകയും ചെയ്യുക. വിശേഷിച്ചും സംഘാടകരും ഓഫീസർമാരും ഒരു ആത്മപരിശോധന നടത്തേണ്ടതാണ്. തങ്ങളുടെ പദ്ധതികളെക്കുറിച്ച് പരിശോധിച്ച് കുറവുകൾ ആവർത്തിക്കാതിരിക്കാൻ അവയെ റെഡ് ബുക്കിൽ എഴുതിച്ചേർക്കുക.

ജർമനിയിൽ ജോലി ചെയ്യുന്ന പ്രവർത്തകരെ കുറിച്ച് അവരുടെ മുഖത്ത് മന്ദസ്മിതം കാണാനില്ലായിരുന്നുവെന്നും നല്ല രീതിയിൽ പെരുമാറിയിരുന്നില്ലെന്നുമുള്ള പരാതി മുമ്പേ ലഭിക്കാറുണ്ടായിരുന്നു. ഈ പ്രാവശ്യം അവരെ കുറിച്ച് പൊതുവെ നല്ല റിപ്പോർട്ടാണുള്ളത്. വരും വർഷങ്ങളിൽ ഇത് കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുക. ഒരു തെറ്റ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പുരുഷന്മാരുടെ ജൽസയിൽ ഒരു സെഷനിൽ വീടിനെ സംബന്ധിച്ച് ഒരു പദ്യം ചൊല്ലിയിരുന്നു. അത് ആലാപനം ചെയ്യുന്ന രീതി തെറ്റായിരുന്നു. നമ്മുടെ സ്റ്റേജ് നാടക സ്റ്റേജല്ല. അവിടെയാണ് ഈ രീതിയിൽ പദ്യം ചൊല്ലേണ്ടത്. നമ്മുടെ പാരമ്പര്യം നമ്മൾ എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്. നമ്മുടെ പാരമ്പര്യത്തിന് നിരക്കാത്ത ഇത്തരം രീതി സ്വായത്തമാക്കാതിരിക്കേണ്ടതാണ്. രണ്ടാമത്തേത് ജൽസയുടെ പ്രോഗ്രാം തയ്യാറാക്കുന്നവർ ജൽസയുടെ സെഷനിടയിൽ ആലപിക്കാറുള്ള പദ്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതും ഖലീഫമാരുടേതുമായിരിക്കാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. മറ്റു പദ്യങ്ങളൊന്നും ആലപിക്കരുത്. ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഞാൻ അഫ്സർ ജൽസസാലാനയോടും ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

ഇനി ഞാൻ ചില അതിഥികളുടെ പ്രതികരണങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്. ജൽസയുടെ അനുഗ്രഹങ്ങൾ അഹ്മദികളെ മാത്രമല്ല, അന്യരേയും സ്വാധീനിക്കുന്നുവെന്ന് ഈ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാകുന്നു.

ബോസ്നിയയിൽ നിന്ന് ഒരനഹ്മദി മസ്ജിദിലെ ഇമാം വന്നിരുന്നു. ജൽസയിൽ പങ്കെടുത്തു. ജൽസയ്ക്കുമുമ്പേ ഒരു തബ്‌ലീഗ് പരിപാടിയിൽ അദ്ദേഹം പറഞ്ഞു: 'വ്യക്തിപരമായ അറിവിന്റെ അടിസ്ഥാനത്തിൽ ജമാഅത്തിനെ സംബന്ധിച്ച് ശരിയായ അഭിപ്രായത്തിലെത്താൻ ഞാൻ സ്വയം ജമാഅത്തിനെ കുറിച്ച് അന്വേഷിക്കാൻ ആഗ്രഹിക്കുകയാണ്.' ഇദ്ദേഹം വളരെ തുറന്ന മനസ്സുള്ള ഇമാമാണ്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ജൽസയിൽ പങ്കെടുത്തു. അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തിരുന്നു. പിന്നീട് ജൽസയിൽ കുറച്ചു സമയം കഴിച്ചുകൂട്ടിയതിനുശേഷം പറഞ്ഞു: 'അഹ്മദികളുടെ ഇടയിൽ അല്പം സമയം ചെലവഴിച്ചതിലൂടെ നിങ്ങൾ തന്നെയാണ് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ശരിയായ അർഥത്തിൽ പ്രചരിപ്പിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. ജൽസയുടെ എല്ലാ പരിപാടികളും വളരെ ശ്രദ്ധയോടെ കണ്ടുകൊണ്ടിരുന്നു. ജൽസയ്ക്കുശേഷം അദ്ദേഹത്തിന്റെ സംഘത്തിലെ മറ്റു അംഗങ്ങളോടൊപ്പം ജർമനി ജാമിഅ അഹ്മദിയ്യായും കാണിച്ചു. അദ്ദേഹം ജാമിഅ കണ്ടതിനുശേഷം പറഞ്ഞു: 'അഹോ ക്ഷ്ടം! മുസ്‌ലീംകൾ ആത്മീയവും ഭൗതികവുമായ വിദ്യാഭ്യാസത്തിൽ വളരെ പിന്നിലാണ്. എന്നാൽ, ഒരു ഭാഗത്ത് ജൽസ നടക്കുന്നതിനിടയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഭൗതികവിദ്യാഭ്യാസ രംഗത്ത് കൂടുതൽ പ്രവർത്തിക്കുന്ന വിദ്യാർഥി വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റുകൾ നല്കുകയും ജമാഅത്തംഗങ്ങളിൽ ഭൗതികവിദ്യാഭ്യാസത്തിൽ മുന്നോട്ടുകുതിക്കാനുള്ള ആത്മാവിനെ വിശാലമാക്കുകയും ചെയ്യുന്നു. മറുഭാഗത്ത് ജാമിഅ സന്ദർശിച്ചതിനുശേഷം അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിന്റെ നേതൃത്വത്തിൽ മതവിജ്ഞാനം പ്രചരിപ്പിക്കുന്നതിൽ സുസംഘടിതമായി ശ്രമിച്ചുവരുന്നുവെന്നും മുസ്‌ലിംകളുടെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചു കൊണ്ടു വരാൻ ശ്രമിക്കുകയാണെന്നും മനസ്സിലായി. എത്രമാത്രം ശോഭനീയമായ സന്തുലനത്തോടുകൂടിയാണ് ഈ രംഗത്ത് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്! മുസ്‌ലീംകളുടെ കളഞ്ഞുപോയ പ്രതാപത്തെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നത്. അതിനുശേഷം അദ്ദേഹം എന്നേയും കണ്ടു. താൻ ബറാഹീനെ അഹ്മദിയ്യായും തദക്കിറയും വായിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. തദ്കിറ വായിക്കുന്നതിനു പകരം 'ഇസ്ലാമീ ഉസൂൽ കി ഫലാസഫി'യും 'ദഅ്വത്തുൽ അമീറും'(Invitation to Ahmadiyyat) വായിക്കാനും ഇതിൽനിന്ന് താങ്കൾക്ക് ജമാഅത്തിനെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ കുറിച്ചും അവസ്ഥകളെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറിവിനേയും ജ്ഞാനത്തേയും കുറിച്ചും അദ്ദേഹത്തിനുണ്ടായ ദൈവ സഹായത്തെ കുറിച്ചും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

ബോസ്നിയൻ സംഘത്തിലുണ്ടായിരുന്ന ഒരു സ്ത്രീയായിരുന്നു മുഅമ്മറ സാഹിബ. അവർ പറയുന്നു: 'ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ചയും നടത്തി. ജൽസയുടെ ദിനങ്ങൾ എത്രപെട്ടെന്നാണ് കഴിഞ്ഞു പോയത്. ഞങ്ങൾ അറിഞ്ഞതേയില്ല! ഈ ദിനങ്ങൾ ദീർഘമായി നിലനിന്നിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി! എല്ലാ ജൽസയിലും പങ്കെടുക്കണമെന്നാണ് എന്റെ ആഗ്രഹം.'

മോണ്ടിനീഗ്രോയിലെ കാഴ്ചക്കുറവുള്ള ഒരാൾ പറയുന്നു: "കാഴ്ചക്കുറവുള്ള ആളാണു ഞാൻ. എങ്കിലും ഈ ജൽസയിൽ പങ്കെടുത്ത് മനക്കണ്ണുകൊണ്ട് ഞാൻ എല്ലാം കണ്ടു. ഈ ജൽസ മുഖേന ആത്മാവിന്റെ വയറുനിറച്ചാണ് ഞാൻ മടങ്ങുന്നത്. എന്റെ രാജ്യത്താണെങ്കിൽ ജനങ്ങൾ ദീനിൽ നിന്ന് വളരെ അകന്നിരിക്കുന്നു. ആത്മീയത എന്താണെന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ, ജൽസ വേളയിൽ ദൈവത്തിന്റെ സാന്നിധ്യം ഞാൻ അനുഭവിച്ചു. അതിന്റെ അനുഗ്രഹങ്ങൾ ശാന്തിയുടെയും സമാധാനത്തിന്റെയും മന:ശാന്തിയുടെയും രൂപത്തിൽ ഇവിടെ വർഷിച്ചു കൊണ്ടിരിക്കുന്നു. അതിൽ ഞാനും ഭാഗഭാക്കായി."

ഈ വർഷം ജർമൻ ജൽസയിൽ ബൾഗേറിയയിൽ നിന്നും 56 അംഗ പ്രതിനിധി സംഘം പങ്കെടുത്തു. അതിൽ 31 പേരും അനഹ്മദികളായിരുന്നു. അവർ എന്നെ കാണുകയും ചെയ്തു. സംഘത്തിലെ ഒരു സ്ത്രീ കിരിൽക്ക(kirilka)സാഹിബ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: "പല പരിപാടികളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ ആത്മീയാന്തരീക്ഷം ഉണ്ടായിരുന്നു. വളരെ സമാധാനപരമായ ചുറ്റുപാടായിരുന്നു. അതിപ്പോൾ ജീവിതാവസാനംവരെ സമാധാനത്തിനുള്ള സാധനമാണ്. ആളുകളുടെ മനസ്സുകളിൽ ഞങ്ങളോടു ആദരവും സ്നേഹവും ഉണ്ടായിരുന്നു. അവരുടെ കണ്ണുകളിൽനിന്ന് അവർ എത്രമാത്രം നല്ല ആളുകളാണെന്ന് ഊഹിക്കാമായിരുന്നു. ഇപ്പോഴത്തെ ഖലീഫയുടെ പ്രസംഗം എന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. പ്രഭാഷണത്തിനിടെ ഞാൻ കരയുകയായിരുന്നു. എന്റെ പുതുജീവിതം ആരംഭിച്ചുകൊണ്ടിരിക്കുന്നതായി എനിക്കുതോന്നി. ഇനി ബാക്കിയുള്ള ജീവിതം ഇക്കാര്യങ്ങളുടെ വെളിച്ചത്തിൽ നയിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. ഈ ആത്മീയാന്തരീക്ഷത്തെ പ്രയോജനപ്പെടുത്താൻ അവസരം നല്കിയതിൽ ഞാൻ നിങ്ങളോടു നന്ദിയുള്ളവളാണ്." അഹ്മദിയ്യത്തിനെ കുറിച്ച് അറിവുപോലുമില്ലാത്ത ഈ ആളുകളും ഇവിടെ വന്ന് ഈ അന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കുന്നു. അവർക്കും ഈ ജൽസ അനുഗൃഹീതമായിത്തീരുന്നു.

ഒരു ക്രിസ്ത്യൻ സ്ത്രീ ക്രാസിമിര(Kracimira) സാഹിബ പറയുന്നു: "ഞാൻ എന്റെ ഭർത്താവും കുട്ടികളുമൊന്നിച്ചാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഈ രീതിയിൽ വ്യവസ്ഥാപിതമായ ഒരു ആതിഥ്യസത്ക്കാരം മുമ്പേ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. മാതാപിതാക്കളെ ആദരിക്കുന്നതിനേയും കുട്ടികൾക്ക് ശിക്ഷണം നല്കുന്നതിനേയും സംബന്ധിച്ച് ഒരുപാട് പഠിക്കാനായി. ഇതിനെ ഞാൻ എന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നതാണ്. പുരുഷന്മാർ സ്ത്രീകളെ ബഹുമാനിക്കുന്നതു കണ്ടപ്പോൾ വളരെ അത്ഭുതം തോന്നി. സ്ത്രീകൾക്ക് ഇത്രമാത്രം ആദരവും ബഹുമാനവും നല്കുന്നത് ഞാൻ ക്രിസ്തുമതത്തിൽ കണ്ടിട്ടില്ല. നന്ദിയോടൊപ്പം നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു."

പുരുഷന്മാർക്കും ഇതൊരു പാഠമാണ്. ജൽസയുടെ ദിനങ്ങളിൽ മാത്രമല്ല, സ്ത്രീകളോട് എപ്പോഴും ആദരവും ബഹുമാനവും അവരുടെ ഹൃദയങ്ങളിൽ ദൈവകല്പനപ്രകാരം ഉണ്ടായിരിക്കേണ്ടതാണ്.

ഒരു മുസ്‌ലിം സുഹൃത്ത് മുഹമ്മദ് യൂസുഫ് സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "ആദ്യമായാണ് ഈ ജൽസയിൽ പങ്കെ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**

**(ഖുത്‌ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**

**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**

**(ഖുത്‌ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**

**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ടുക്കുന്നത്. ജമാഅത്തിനെതിരെ ഒരുപാട് കാര്യങ്ങൾ ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ജൽസയുടെ അന്തരീക്ഷം കണ്ടതോടെ ഇപ്പോൾ എന്റെ മനസ്സ് എല്ലാ വിധത്തിലും ശുദ്ധമായി. എല്ലായിടത്തും നമ്മയുടേയും ഖുർആനിന്റേയും ഹദീഥിന്റേയും അധ്യാപനമായിരുന്നു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'എന്ന മുദ്രാവാക്യം എന്നെ വളരെ ആകർഷിച്ചു. സർവത്ര ശാന്തിതന്നെ ശാന്തിയായിരുന്നു. പ്രത്യേകിച്ചും ഇപ്പോഴത്തെ ഖലീഫയുടെ പ്രസംഗവേളയിൽ വല്ലാത്ത മന:ശാന്തിയായിരുന്നു അനുഭവപ്പെട്ടത്. അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നുവെന്ന് ജൽസ വേളയിൽ തന്നെ ഞാൻ തീരുമാനിച്ചു. എനിക്ക് വ്യക്തിപരമായ ഒരുപാട് പ്രയാസങ്ങളുണ്ടായിരുന്നു. എന്നാൽ, ഞാൻ ജൽസയിൽ പങ്കെടുത്തപ്പോൾ എന്റെ പ്രയാസങ്ങളെല്ലാം സ്വയമേവ അകലാൻ തുടങ്ങി. ഇനി ഞാൻ ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതാണ്."

ലാറ്റ്വിയാ(Latvia)യിൽ നിന്ന് വന്ന സംഘത്തിന്റെ അഭിപ്രായങ്ങളാണ്. അവിടെനിന്ന് ഒരു മെഡിക്കൽ വിദ്യാർഥി വന്നിരുന്നു. അദ്ദേഹം പറയുന്നു: ജർമനിയിലെ ജൽസ സാലാനയിൽ പങ്കെടുക്കുക എന്നത് എന്നെസ്സംബന്ധിച്ചിടത്തോളം വലിയ ബഹുമതിയാണ്. എനിക്ക് ഈ ജൽസ ശക്തമായ വിശ്വസത്തിന്റേയും ശാന്തിപ്രാപിച്ച ആത്മാക്കളുടേയും ഉടമസ്ഥരുടേയും സാഹോദര്യബന്ധം നിലനിറുത്തുന്ന സമാധാനപ്രിയരായ ആളുകളുടേയും സമ്മേളനമായിട്ടാണ് അനുഭവപ്പെട്ടത്. എല്ലാവരും ലയിച്ചിരുന്ന് പ്രസംഗം കേൾക്കുന്നതും തങ്ങളുടെ ജോലിയിൽ മുഴുകിയിരിക്കുന്നതും എന്നെ അത്ഭുതപ്പെടുത്തുന്ന കാര്യമായിരുന്നു. കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയും എനിക്കുള്ള വലിയ ബഹുമതിയായിരുന്നു. അദ്ദേഹം ജർമനിയിൽ ഹിജറചെയ്തു വന്നവരെ കുറിച്ചും ഇസ്ലാമിനെ കുറിച്ച് ജനങ്ങളുടെ മനസ്സിലുള്ള ഭയത്തെ കുറിച്ചും സംസാരിച്ചു. അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് സാഹോദര്യത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം നല്കിക്കൊണ്ടിരിക്കുന്നതിലും ജർമൻ സമൂഹത്തിൽ സുഹൃത്ബന്ധപരമായ അയൽവാസത്തിനും സേവനത്തിനും ശക്തിചെലുത്തിക്കൊണ്ടിരിക്കുന്നതിലും എനിക്ക് അതിയായ സന്തോഷമുണ്ട്."

ലാറ്റ്വിയാ(Latvia)യിൽ ഒരു പാക്കിസ്താനി അനഹ്മദി, മാസ്റ്റർ വിദ്യാഭ്യാസം കരസ്ഥമാക്കിവരികയാണ്. ഇദ്ദേഹവും ജൽസയിൽ പങ്കെടുത്തു. ഇദ്ദേഹം പറയുന്നു: "ഞാൻ കഴിഞ്ഞ മാസം സ്റ്റഡി വിസായിൽ പാകിസ്താനിൽനിന്ന് ലാറ്റ്വിയാ(Latvia) വന്നതാണ്. എന്നേയും ജൽസസാലാനയിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു. കൺഫ്യൂഷനുശേഷം ഞാൻ അത് സ്വീകരിച്ചു. ഞാൻ ജൽസാ ഗാഹിലെത്തിയപ്പോൾ അവിടെ സംഘാടകരെ കണ്ട് വല്ലാതെ അത്ഭുതപ്പെട്ടു. കാരണം അവിടെ ധാരാളമാളുകളുണ്ടായിരുന്നു. സംഘാടകർ വളരെ മനോഹാരിതയോടും ബുദ്ധിസാമർഥ്യത്തോടുംകൂടി എല്ലാവരേയും നിയന്ത്രിക്കുകയായിരുന്നു. ജൽസഗാഹിൽ നിരവധിയാളുകളുണ്ടായിരുന്നു. അവരിൽ ഒരുപാടാളുകൾ വിവിധ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന അമുസ്ലിം അതിഥികളായിരുന്നു. അവരെയെല്ലാം ക്ഷണിച്ചത് അവരെല്ലാം വന്ന് ഇസ്ലാമിനെ നേരിട്ട് ദർശിക്കുന്നതിനായിരുന്നു. ഇവിടെ കണ്ട സ്നേഹവും ആദരവും ആതിഥ്യമര്യാദയും ഞാനെന്റെ ജീവിതത്തിൽ ഒരിക്കലും എവിടേയും കണ്ടിട്ടില്ല. എല്ലാ അമുസ്ലിംകളിലും അതു കാണുമ്പോൾ മതിപ്പുളവാക്കുമെന്നറിഞ്ഞപ്പോൾ സന്തോഷം തോന്നി. അവർ ഇസ്ലാം ദീനിലേക്ക് വരാൻ തീർച്ചയായും ശ്രമിക്കുന്നതായിരിക്കും. ഞാൻ അഹ്മദിയല്ല. അതുകൊണ്ട് എന്റെ മനസ്സിലും കുറച്ചു തെറ്റായ ധാരണകളുണ്ടായിരുന്നു. അത് മറ്റുള്ള കക്ഷികളിൽപ്പെട്ട മുസ്ലീംകളുടെ മനസ്സുകളിലുള്ളതാണ്. അവിടെ ഞാൻ പ്രസംഗം കേൾക്കുകയും അവിടെ എഴുതിയിട്ടുള്ള ലിഖിതങ്ങൾ കാണുകയും നമസ്കരിക്കുകയും ചെയ്തപ്പോൾ എനിക്ക് ഒരു വ്യത്യാസവും തോന്നിയില്ല. ഇതുതന്നെയാണ് ഞങ്ങളും ചെയ്യുന്നത്. ഇതുതന്നെയാണ് അഹ്മദികളും ചെയ്യുന്നത്. അവരുടെ കലിമയും അതുതന്നെയാണ്. നമസ്കാരവും അതുതന്നെയാണ്. വിശുദ്ധ ഖുർആനും അതുതന്നെയാണ്. ഏറ്റവുമധികം ചിന്താർഹമായ കാര്യം ഖത്തമുന്നുബുവ്വത്തായിരുന്നു. അതിനെ കുറിച്ച് ചിന്തിക്കാൻ ഞാൻ ഇപ്പോൾ നിർബന്ധിതനായിരിക്കുകയാണ്. എന്റെ കക്ഷിയെ സത്യമെന്ന് പറയണോ, അതല്ല അഹ്മദിയ്യ കക്ഷിയെ സത്യമെന്നു പറയണോ എന്ന് ചിന്തിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്. ജൽസയിൽ വന്നിട്ട് എനിക്കുണ്ടായ ഏറ്റവും വലിനേട്ടം ഞാൻ അഹ്മദിളുടെ ഇടയിലിരുന്ന് എല്ലാം എന്റെ കണ്ണുകൾകൊണ്ടു കണ്ടു എന്നതാണ്. എന്റെ ചെവികൾകൊണ്ട് കേട്ടു എന്നതാണ്. ഇനി ഞാൻ ഇസ്ലാം വാസ്തവത്തിൽ എന്താണെന്നും ഖത്തമുന്നുബുവ്വത്ത് എന്താണെന്നും നല്ലപോലെ നോക്കുന്നതായിരിക്കും. എനിക്ക് കാലത്തിന്റെ ഖലീഫയുടെ പ്രസംഗം വളരെ ഇഷ്ടപ്പെട്ടു; പ്രത്യേകിച്ചും സമാപന പ്രഭാഷണം! ഈ നാലു ദിവസം എന്റെ ജീവിതത്തിലെ സുവർണമായ ദിവസങ്ങളായിരുന്നു. അദ്ദേഹം പറയുന്നു: ബാക്കി മുസ്ലീംകൾ വെറും പറച്ചിൽ മാത്രമാണ്. വെറുപ്പുകൾ പരത്തുകയാണ്. പക്ഷേ, ഇവിടെ ഞാൻ വെറും സ്നേഹവും ആദരവും ബഹുമാനവുമാണ് കണ്ടത്. ചില അമുസ്ലിം സുഹൃത്തുക്കളും എന്നോടൊപ്പം ഉണ്ടായിരുന്നു. ഈ മുസ്ലിംകളുടെ ഈ പെരുമാറ്റവും അഹ്മദിയ്യ ജമാഅത്ത് നല്കിയ സ്നേഹാദരവും അവരെ ഹഠാദാകർഷിച്ചു. സംഘാടക ടീം അവർ ആരായിരുന്നാലും എല്ലാവരോടും വളരെ സ്നേഹത്തോടും പ്രീതിയോടും ബഹുമാനത്തോടും ആദരവോടും കൂടി സംസാരിക്കുകയും ഗയ്ഡ് ചെയ്യുകയും ചെയ്തു. ഇത്രമാത്രം വലിയ സമ്മേളനത്തെ ഇത്രമാത്രം മനോഹരമായി മാനേജ് ചെയ്തു. ഞാൻ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു."

ലാറ്റ്വിയാ(Latvia) അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ശ്രീലങ്കക്കാരനായ ഒരു ലക്ചറർ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "സത്യം പറഞ്ഞാൽ ഇതിൽ പങ്കെടുക്കാൻ ഞാൻ തീരുമാനിച്ചപ്പോൾ ഈ പരിപാടിയുടെ നേരെ വല്ല ഭീകരാക്രമണവും ഉണ്ടാകുമോ എന്ന് എനിക്ക് അല്പം ഭയമുണ്ടായിരുന്നു. എന്നാൽ, ഞാൻ ഈ ജൽസയിലെ സെക്യൂരിറ്റി കണ്ടപ്പോൾ ആർക്കും ഈ പ്രോഗ്രാമിനോ ഇതിൽ പങ്കെടുക്കുന്ന ഏതെങ്കിലും വ്യക്തിക്കോ ഒരു നഷ്ടവും വരുത്താൻ സാധിക്കുകയില്ലെന്ന് ബോധ്യം വന്നു." അല്ലാഹുതന്നെയാണ് ഈ ഏർപാടുകളെല്ലാം ചെയ്യുന്നത്. നമ്മുടെ സെക്യൂരിറ്റിക്ക് എന്താണ് ചെയ്യാൻ കഴിയുക! എന്തായാലും ഇത് അല്ലാഹുവിന്റെ കൃപയാണ്.

എന്തായാലും അദ്ദേഹം പറയുന്നു: 'ഞാൻ ഈ മുഴുവൻ പരിപാടിയുടേയും സെക്യൂരിറ്റിയെ ഒരുപാട് appreciate ചെയ്യുന്നു. എനിക്ക് ധാരാളം ശ്രീലങ്കൻ മുസ്ലിം സുഹൃത്തുക്കളുണ്ട്. ഒരു ബുദ്ധമതവിശ്വാസിയുടെ വീട്ടിൽ പിറന്ന കാരണത്താൽ ഞാൻ ബുദ്ധമതക്കാരനാണ്. ഇസ്ലാം മതത്തെ കുറിച്ച് പ്രത്യേകിച്ച് വിവരമൊന്നുമില്ല. ജൽസ എനിക്ക് യഥാർഥ ഇസ്ലാമിനെ കുറിച്ച് പാഠം നല്കി. മറ്റു ഇസ്ലാമിക ഗ്രൂപ്പുകളെ കുറിച്ച് പറഞ്ഞുതന്നു. ഇപ്രകാരംതന്നെ അഹ്മദിയ്യാ കക്ഷിയും ഇതരകക്ഷികളും തമ്മിലുള്ള വ്യത്യാസവും വ്യക്തമാക്കി. ഈ പരിപാടിയിൽ നിന്നും ഞാൻ മനസ്സിലാക്കിയ ഏറ്റവും നല്ല കാര്യം അഹ്മദിയ്യാ ജമാഅത്ത് സ്നേഹം പുലർത്തുന്ന ജമാഅത്താകുന്നു എന്നതാണ്. ഞാൻ ഇതിനെ വളരെ അധികം ശ്ലാഘിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജമാഅത്തിന്റെ സംഘടനാ പാടവം കാണുമ്പോൾ എനിക്ക് അത്ഭുതപ്പെടാതെ വയ്യ. ലോകത്തെ ശരിയായ ദിശയിൽ നയിക്കാൻ നിങ്ങൾക്കാകുമെന്നാണ് ഇതു സൂചിപ്പിക്കുന്നത്."

ലാറ്റ്വിയാ(Latvia)യിൽ നിന്ന് ഗ്ലോറിയ എന്ന വിദ്യാർഥിനി ആദ്യമായാണ് വന്നത്. ഇസ്ലാമിക പരിപാടിയിൽ ആദ്യമായാണ് ഇവർ പങ്കെടുക്കുന്നത്. പറയുന്നു: ഭക്ഷണം പാനീയം തുടങ്ങി എല്ലാം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ആളുകൾ സൽസ്വഭാവികളായിരുന്നു. ഡ്യൂട്ടിയിലുണ്ടായിരുന്ന ലജ്നകൾ എപ്പോഴും പുഞ്ചിരിച്ചു കൊണ്ടാണ് പെരുമാറിയത്. (ആളുകൾക്ക് ലജ്നയെ കുറിച്ചായിരുന്നു കൂടുതൽ പരാതി ഉണ്ടായിരുന്നത്!)ഇവർ പറയുന്നു എപ്പോഴും പുഞ്ചിരിച്ചു കൊണ്ടാണ് പെരുമാറിയതെന്ന്! ഇതു കണ്ട് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. വലിയവരും ചെറിയവരുമെല്ലാം ചുറ്റുപാടുകൾ വൃത്തിയാക്കി വെക്കാനുള്ള ശ്രമത്തിലായിരുന്നു. എനിക്ക് ഇക്കാര്യവും നല്ലതായി തോന്നി. ഞാനെന്നെ സുരക്ഷിതയായി കണ്ടു. എന്റെ ദൃഷ്ടി സ്ക്രീനിൽ പതിയുകയും പുരുഷന്മാരുടെ പന്തലിൽ എല്ലാവരും ഒരാൾ മറ്റൊരാളുടെ തോളിൽ കൈവെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആ ദൃശ്യവും ഓർമയുണ്ട്.' ബയ്അത്തിനെ കുറിച്ചാണിവർ പറയുന്നത്. അവർ പറയുന്നു: 'ഈ കോൺഫ്രൻസിൽ പങ്കെടുത്തതുമൂലം ഇസ്ലാമിനെസ്സംബന്ധിച്ച എന്റെ കാഴ്ചപ്പാടുകളും ആകെ മാറിപ്പോയിരിക്കുന്നു. നന്മ ആഗ്രഹിക്കുന്ന ചിലരെങ്കിലും ലോകത്തുണ്ടല്ലോ എന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്.'

ലാറ്റ്വിയാ(Latvia) സംഘത്തിൽ മറ്റൊരു പെൺകുട്ടി ഉണ്ടായിരുന്നു; അനസ്താസിയ(Anastasia) സാഹിബ. ഞാൻ അവിടെ അമുസ്ലീംകളെ സംബോധന ചെയ്ത് സംസാരിച്ചിരുന്നു. അതിനെ കുറിച്ച് പറയുന്നു: 'ഇതെനിക്ക് വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ തികച്ചും ശരിയായിരുന്നു.' വീണ്ടും പറയുന്നു:'ഈ പ്രഭാഷണം കേൾക്കുന്നതിന് സ്ത്രീകളും പുരുഷന്മാരും ഒരിടത്താണ് ഉണ്ടാകുക. വിവിധ ജനതകളിൽപ്പെട്ട ആയിരത്തോളം അതിഥികളുണ്ടായിരുന്നു. പ്രത്യേകിച്ചും ജർമൻകാർ നാന്നൂറ് അഞ്ഞൂർ പേരുണ്ടായിരുന്നു.' അവർ പറയുന്നു: 'ഈ പ്രഭാഷണം കേൾക്കാൻ ഞാൻ പുരുഷന്മാരുടെ പന്തലിൽ എത്തി. മറ്റു സമയം ഞാൻ ലജ്നയുടെ പന്തലിലായിരുന്നു കഴിഞ്ഞത്. പുരുഷന്മാരുടെ ഇടയിലിരുന്ന് എനിക്ക് നാണം വന്നു. എന്റെ തലയിൽ തട്ടമില്ലാത്തതുകൊണ്ട് ഞാൻ വല്ലാതായി.' ഇക്കാര്യം 'ഇവിടെ വരുമ്പോൾ തങ്ങൾക്ക് നാണം തോന്നുന്നുവെന്നും തട്ടവും സ്കാർഫും അഴിച്ചുവെക്കുക' എന്നും പറയുന്ന നമ്മുടെ പെൺകുട്ടികളിലും വിശ്വാസമുണ്ടാക്കേണ്ടതാണ്. താൻ പുരുഷന്മാരുടെ ഇടയിൽ തട്ടമില്ലാതെ ഇരിക്കുന്നല്ലോ എന്നോർത്ത് ലജ്ജിക്കുന്ന ഒരു ക്രിസ്തീയ പെൺകുട്ടിയാണിത്.

കോസോവോ(Kosovo)യിൽ നിന്ന് ഒരു വക്കീൽ സാഹിബ് തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിക്കുന്നു: ജൽസയുടെ സംവിധാനം കാണുമ്പോൾ ഓരോരുത്തരും ഖിലാഫത്തിനോടുള്ള അനുസരണത്തിൽ ആവേശഭരിതരായി കൊണ്ട് സ്വന്തം ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതായി തോന്നുന്നു. ഈ എല്ലാ അനുസരണവും കാലത്തിന്റെ ഖലീഫയുടെ രൂപത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ നാട്ടിയിരിക്കുന്ന അസ്തിത്വത്തോടുള്ള സ്നേഹമാണ്. എന്നോടു പറയുന്നു: കാലത്തിന്റെ ഖലീഫയുമായി

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചു. ജമാഅത്തിലെ ഓരോ അംഗവും ഒരു മാലയിലെന്നപോലെ കോർത്തിണക്കപ്പെട്ടിരിക്കുന്നു. കോസോവോ (Kosovo) യിലും ഇത്തരത്തിലുള്ള സമ്മേളനങ്ങൾ നടക്കാറുണ്ടെങ്കിലും ഈ ജൽസയിൽ പങ്കെടുക്കുമ്പോൾ മനുഷ്യനുണ്ടാകുന്ന അവസ്ഥ ഒന്നു വേറെ തന്നെയാണ്. എല്ലാ വർണ്ണത്തിലും വർഗത്തിലും ഉള്ളവർ ഇതിലുണ്ട്. ഓരോരുത്തരെയും അവരവരുടെ ആവശ്യമനുസരിച്ചാണ് പ്രവർത്തകർ ശ്രദ്ധിക്കുന്നത്.

കോസോവോ(Kosovo)സംഘത്തിൽ ഒരു ഫിസിക്സ് പ്രൊഫസറും ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: "ഇത്രയും ആളുകൾ ഒരു സ്ഥലത്ത് സമ്മേളിച്ച് അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുക സാധ്യമാണോ എന്നത് എന്നെ സംബന്ധിച്ചിടത്തോളം അവിശ്വസനീയമായ കാര്യമായിരുന്നു. ഓരോ സംഗതിയും എങ്ങനെയാണ് വ്യവസ്ഥാപിതമായി നടക്കുന്നതെന്നും ആവശ്യങ്ങൾ നിറവേറ്റുന്നതെങ്ങനെയെന്നും ജൽസയിൽ പങ്കെടുത്ത് അതിന്റെ സംവിധാനം ഞാൻ സസൂക്ഷ്മം വിലയിരുത്തി. ഓരോ ജോലിക്കും ഒരു സേവകൻ നിശ്ചയിക്കപ്പെട്ടിരുന്നു. ലങ്കറിൽ ഞാൻ പോയി. അവിടെ ഞാൻ ഒരാളെ കണ്ടു. കഴിഞ്ഞ 22 വർഷമായി ഉള്ളി തൊലിക്കുന്ന സേവനമാണ് അയാൾ ചെയ്തു വരുന്നത്. 22 വർഷമായി ഉപയോഗിക്കുന്ന കത്തിയാണ് അയാളുടെ കൈയിലുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഉപയോഗിച്ച, അദ്ദേഹത്തിന്റെ കൈപതിഞ്ഞ കത്തിയാണ് ഇതെന്നും അദ്ദേഹം പറഞ്ഞു." അദ്ദേഹത്തെ ഇത് വല്ലാതെ സ്വാധീനിച്ചു.

ജോർജിയാ(Georgia)യിൽനിന്ന് 38 പേരടങ്ങുന്ന സംഘം ജർമൻ ജൽസയിൽ പങ്കെടുത്തിരുന്നു. രണ്ടു പാതിരിമാരും ഉണ്ടായിരുന്നു. രണ്ടു മുഫ്തി സാഹിബുമാരും പങ്കെടുത്തിരുന്നു. ശിയാക്കളുടേയും സുന്നികളുടേയും നേതാക്കന്മാരായിരുന്നു അവർ. മറ്റു 30 അനഹ്മദികളുമുണ്ടായിരുന്നു. ഈ സംഘത്തിൽപ്പെട്ട ഒരു അനഹ്മദി മസ്ജിദിലെ ഇമാം ജംബൂൽ (Jambul)സാഹിബ് പറയുന്നു: 'ഞാൻ ജോർജിയ മസ്ജിദിലെ ഇമാമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ക്ഷണം സ്വീകരിച്ചാണ് ജർമനിയിൽ വന്നിട്ടുള്ളത്. ഞാൻ ഇസ്‌ലാമിനെക്കറിച്ച് ഒരുപാട് പുതിയ കാര്യങ്ങൾ പഠിച്ചു. അതെനിക്ക് മുമ്പേ അറിയുമായിരുന്നില്ല.' പിന്നീട് അദ്ദേഹം എന്നെ കുറിച്ച് പറഞ്ഞു: "മാനവകുലത്തെ സഹായിക്കുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്' എന്ന അദ്ദേഹത്തിന്റെ ഒരു വാക്യം എനിക്ക് ഓർമ ഉണ്ടായിരിക്കുന്നതാണ്. ഇസ്‌ലാം മതം കേവലം സമാധാനത്തിന്റെ മതമാണ്. ഇവിടെ വന്നിട്ടാണ് നമുക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അറിയാൻ കഴിഞ്ഞത്.'

മറ്റൊരു സ്ത്രീയാണ് ലാക്കോ (Lako)സാഹിബ. അവർ പറയുന്നു:'ജൽസയുടെ ഒരുക്കങ്ങൾ കാരണത്താൽ എല്ലാ പ്രവർത്തകർക്കും ഞാൻ നന്ദി പറയാനാഗ്രഹിക്കുകയാണ്.' വേറൊരു സ്ത്രീയാണ് ഇർമാ(Irma) സാഹിബ. അവർ പറയുന്നു: 'ഇന്ന് സ്ത്രീകളുടെ പരിപാടിയിൽ പങ്കെടുത്തു. സ്ത്രീകൾ എല്ലാ പ്രോഗ്രാമുകളും കൈകാര്യം ചെയ്യുന്നതു കണ്ട് എനിക്ക് അത്ഭുതം തോന്നി. സെക്യൂരിറ്റി ചെക്കിംഗും സ്ത്രീകൾ സ്വയം ചെയ്യുന്നത് വളരെ അത്ഭുതമുളവാക്കുന്ന കാര്യമായിരുന്നു. ഇതെല്ലാം എനിക്ക് ഇഷ്ടപ്പെട്ടു. നിങ്ങൾക്ക് നന്ദി പറയുന്നു.' പിന്നീട് ഇവർ പറയുന്നു: 'ഞാൻ സ്ത്രീകളുടെ പരിപാടിയും ഇന്നു കണ്ടു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും അവരുടെ മതപരമായ ശിക്ഷണത്തിനും എത്രമാത്രം ശ്രദ്ധിക്കുന്നുവെന്നോർത്ത് അത്ഭുതം തോന്നി. കാലത്തിന്റെ ഖലീഫ തന്റെ സ്വന്തം കൈകൊണ്ട് വിദ്യഭ്യാസ അവാർഡ് സ്ത്രീകൾക്കു കൊടുത്തതായിരുന്നു ഏറ്റവും വലിയ കാര്യം.'

ജോർജിയാ(Georgia)യിൽ നിന്നുള്ള മറ്റൊരു സാഹിബ് പറയുന്നു: ഇദ്ദേഹവും മുസ്‌ലിമാണ്. ഒരു മുസ്‌ലിം സംഘടനയുടെ ചെയർമാനാണ്. 'ഈ ജൽസയിൽ പങ്കെടുത്തത് ഞങ്ങൾക്ക് വളരെ വലിയ ബഹുമതിയാണ്. ഞാൻ ഇവിടെ ആത്മീയതയും സാഹോദര്യവും ദർശിച്ചു. ഞങ്ങൾ ഇവിടെ വരികയും വളരെ അനുഗൃഹീതരാകുകയും ചെയ്തത് വലിയ അവസരമായി ഞാൻ മനസ്സിലാക്കുന്നു.

മുഹമ്മദ് അക്ബർ സാഹിബ് എന്ന സുഹൃത്ത് പറയുന്നു: ഒരു മഹ്ദി വന്ന് ലോകത്ത് പരിവർത്തനം ഉണ്ടാക്കുമെന്ന് ചെറുപ്പം മുതൽ കേൾക്കുന്നു. ഞങ്ങൾ അദ്ദേഹത്തെ കാത്തിരുന്നു. ഞങ്ങൾ കാത്തിരുന്ന ആ മഹ്ദി കഴിഞ്ഞു കടന്നു പോയെന്നും അദ്ദേഹത്തിന്റെ ഖലീഫമാരുടെ ശൃംഖലയാണ് തുടർന്നു കൊണ്ടിരിക്കുന്നതെന്നും ആദ്യമായാണ് കേൾക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങൾ ഞാൻ വായിക്കുന്നതാണ്. അതെന്നെ തൃപ്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ബിഷപ്പ് സാഹിബാണ്. അദ്ദേഹം ഇവിടേയും വന്നിരുന്നു. അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചു. ഈ ജൽസ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. ആ നീല വസ്ത്രധാരിയായ ബിഷപ്പ് തന്നെയായിരുന്നു ഇദ്ദേഹം.

ഹംഗറിയിൽനിന്ന് പ്രൊട്ടസ്റ്റന്റ് ചർച്ചിലെ ഒരു പാതിരി ജൽസയിൽ വന്നിരുന്നു. ഇദ്ദേഹം മതപരമായ ജോലികൾക്കുപുറമെ ചാരിറ്റിബിൾ പ്രവർത്തനങ്ങളിലും വലിയ പ്രവർത്തകനാണ്. അദ്ദേഹം പറയുന്നു: ഞാനൊരു ക്രിസ്ത്യാനിയാണ്. എന്നാൽ, നിങ്ങളുടെ ജൽസയിൽ വരുമ്പോൾ എന്റെ വിശ്വാസം ചൈതന്യവത്താകുന്നു. പുതുജീവനുമായാണ് ഞാൻ തിരിച്ചു പോകുന്നത്. ഈ ചാർജിംഗ് (charging)വർഷം മുഴുവനുമുള്ള ജോലിയിൽ എന്റെ സഹായിയാണ്.' മുറബ്ബി സാഹിബ് പറയുന്നു: ഇദ്ദേഹം കാരണത്താൽ ഇദ്ദേഹത്തിന്റെ ഗ്രാമത്തിൽ മാത്രമല്ല പ്രത്യുത ഇദ്ദേഹത്തിന്റെ എല്ലാ ഹൽഖ അംഗങ്ങളിലും ജമാഅത്ത് പരിചിതമായി. ജമാഅത്തിന്റെ സന്ദേശം എത്തിക്കുന്നതിന് ഇദ്ദേഹം മുഖേനയും പുതിയ വഴികൾ തുറന്നുകൊണ്ടിരിക്കുന്നു.

ഹംഗറിയിലെ അഭയാർഥി ക്യാമ്പ് ഓഫീസിൽ പ്രവർത്തിക്കുന്ന വാർഗ(Varga) സാഹിബ് പറയുന്നു: ജൽസ എങ്ങനെയുള്ള അവസരമാണെന്നാൽ മനുഷ്യൻ എന്തെങ്കിലും മഹത്തായ കാര്യം കണ്ടാൽ അത്ഭുതപ്പെടുന്നതോടൊപ്പം ഉള്ളിൽ നിന്ന് വിറയലുമുണ്ടാകുന്നു. തികച്ചും അതുപോലെ നിങ്ങൾ ജൽസയിൽ മുദ്രാവാക്യം മുഴക്കുമ്പോൾ ഇമാം ഇപ്പോൾ കല്പന നല്കുമെന്നും നിങ്ങൾ ലബ്ബയ്ക്ക് പറഞ്ഞ്-കല്പന കാത്തിരിക്കുന്നതുപോലെ ഉടനെ എന്തെങ്കിലും ചെയ്യുമെന്നും തോന്നിയിരുന്നു. തുടക്കത്തിലൊക്കെ എനിക്ക് പേടിതോന്നിയിരുന്നു. ഹംഗറിയിലാകട്ടെ, സമ്മേളനം പോയിട്ട് നൂറു പേർ ഉണ്ടായാൽത്തന്നെ ഒരു മണിക്കൂറിനുള്ളിൽ അടിപിടിയുണ്ടാകും. എന്നാൽ, ആയിരക്കണക്കിനാളുകളുടെ ശാന്തിനിർഭരമായ സമ്മേളനം ഞാൻ ഇതിനു മുമ്പേ കണ്ടിട്ടില്ല.'

ഹംഗറിയിൽനിന്ന് ഒരു അഭയാർഥി ക്യാമ്പിന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നയാളാണ് ഇല്ലോണ(Illona)സാഹിബ. അവർ പറയുന്നു: 'അവർ ജൽസയുടെ ഒരുക്കങ്ങളും മറ്റും കണ്ടിട്ട് ചോദിച്ചു, ജൽസയുടെ ഇത്ര വലിയ ചെലവ് എങ്ങനെയാണ് സംഘടിപ്പിക്കുന്നത്? അവരോടു ജമാഅത്തിന്റെ സേവനത്തേയും ചന്ദാവ്യവസ്ഥിതിയും പറഞ്ഞു. അതുകേട്ട് അവർ അത്ഭുതപ്പെട്ടു. അവർ പറയുന്നു: 'മനുഷ്യന്റെ ഉള്ള് കഴുകി ഘനം കുറയ്ക്കുന്ന ഒരു പരിപാടിയാണ് ജൽസ.' നോക്കൂ ഇവർ അഹ്മദിയല്ല. മുസ്‌ലിമല്ല. ഈ ജൽസയിൽ പങ്കെടുത്തുകൊണ്ടു തോന്നുന്നത് മനുഷ്യന്റെ ഉള്ള് കഴുകപ്പെട്ടുവെന്നും ഘനം വളരെ കുറഞ്ഞുവെന്നുമാണ്. തുടക്കത്തിൽ കുട്ടിയെ കുളിപ്പിക്കുമ്പോൾ പേടിയുണ്ടാകുന്നു. എന്നാൽ, അത് ആ കുട്ടിയ്ക്ക് അങ്ങേയറ്റം ആവശ്യമാണ്. ജൽസ കണ്ടിട്ട് മനുഷ്യന്റെ അവസ്ഥ അങ്ങനെയാണെന്ന് തോന്നുന്നു.' ജൽസ മറ്റുള്ളവരെ വളരെ സ്വാധീനിക്കുന്നുവെന്ന് ഞാൻ നിങ്ങളോടു പറഞ്ഞിരുന്നില്ലേ?

ഹംഗറി സംഘത്തിൽ യമനുമായി ബന്ധമുള്ള ഒരു മെഡിക്കൽ ഡോക്ടർ വഫാ സാഹിബയും ഉണ്ടായിരുന്നു. ഇവർ വളരെ ആവേശഭരിതയായിരുന്നു. രണ്ടാമത്തെ ദിവസം ലജ്നയെ സംബോധന ചെയ്തുള്ള പ്രസംഗം അവർ സ്ത്രീകളുടെ പന്തലിൽ ഇരുന്നാണ് കേട്ടത്. അതിനുശേഷം അതിഥികളോടുള്ള പ്രസംഗം പുരുഷന്മാരുടെ ഹാളിൽവന്ന് കേട്ടു. അവർ പറഞ്ഞു, 'എനിക്ക് സ്ത്രീകളുടെ പന്തലിലായിരുന്നു സന്തോഷം. അവിടെതന്നെ എന്നെ കൊണ്ടുപോയി വിടാനുള്ള ഏർപാടുചെയ്യുക.' ജാമിഅ സന്ദർശിക്കുന്നതിന്നിടയിൽ വളരെ താൽപര്യത്തോടെ ലൈബ്രറി നോക്കിക്കണ്ടു. ഇസ്‌ലാമികമായ അടിസ്ഥാന ഗ്രന്ഥങ്ങൾ കണ്ടു. പുറത്തു വന്ന് പറഞ്ഞു: 'എല്ലാ ആയത്തും അവസരത്തിനൊത്തും യഥാർഥ സ്ഥലത്തുമാണുള്ളത്. അതിനോടൊപ്പം ജാമിഅയുടെ ഭിത്തിയിൽ എഴുതിയിരുന്ന ആയത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു: നോക്കുക! എത്രമാത്രം ശരിയായ സ്ഥലത്താണ് അതെഴുതിയിട്ടുള്ളത്. *വ അശ്റഖത്തിൽ അർളു ബി നൂരി റബ്ബിഹാ* എന്ന ആയത്തായിരുന്നു അത്.

ഇനിയുള്ളത് മഖ്ദോനിയ സംഘമാണ്. ജർമനിയിലെ ജൽസയിൽ മഖ്ദോനിയായിൽനിന്ന് 83 പേരാണ പങ്കെടുത്തത്. 50 ആളുകൾ ഒരു ബസ് മാർഗം 2000 കിലോ മീറ്റർ 34 മണിക്കൂർ യാത്ര ചെയ്ത് വന്നു.മറ്റുള്ളവർ മറ്റു മാർഗങ്ങൾ ഉപയോഗിച്ചാണ് വന്നത്. ഈ പങ്കെടുത്തവരിൽ 21 പേർ അഹ്മദികളായിരുന്നു. 29 പേർ അനഹ്മദികളായിരുന്നു. 14 ക്രിസ്ത്യാനികളായിരുന്നു. ഈ അതിഥികളിൽ ഒരു വലിയ നഗരത്തിന്റെ മേയറുമുണ്ടായിരുന്നു. 4 ടി.വി ചാനലുകളിലെ 6 പത്രപ്രവർത്തകരും ഉണ്ടായിരുന്നു. ജൽസയുടെ മൂന്നു ദിവസവും ജൽസയിലെ പരിപാടികൾ റെക്കോർഡിംഗ് ചെയ്തു. വിവിധ അതിഥികളുമായി അഭിമുഖവും നടത്തി. അവരവരുടെ ടെലിവിഷനുവേണ്ടി തങ്ങൾ ഡോക്യുമെന്ററി നിർമിക്കുമെന്ന് അവർ പറഞ്ഞു. ജൽസയിൽ മൂന്നു മുസ്‌ലിം പ്രൊഫസർമാരും പങ്കെടുത്തിരുന്നു. അവർ സുഹൃത്തുക്കളാണ്. അവരിൽ ഐ.ടിയിലെ പ്രൊഫസർ ജലാദേനി (Djeladini)സാഹിബ് പറയുന്നു: 'ഞാൻ ജൽസസാലാന സംഘാടകരോടും മഖ്ദോനിയായിലെ അഹ്മദിയ്യാ അംഗങ്ങളോടും നന്ദി പറയുകയാണ്. അവർ ക്ഷണിച്ചിട്ടാണ് ഞാൻ ജൽസയിൽ പങ്കെടുത്തത്. ഈ സ്ഥലത്ത് ശരിയായ ഇസ്‌ലാമിക അധ്യാപനങ്ങളുടെ പ്രകടനം ഉണ്ടാകുകയായിരുന്നു. ഇതിനുമുമ്പേ ഞാൻ അഹ്മദിയ്യാ ജമാഅത്തിനേയും അവരുടെ ഖലീഫമാരേയും കുറിച്ച് വായിക്കുകയും കേൾക്കുകയും ചെയ്തിരുന്നു. ജമാഅത്തിന്നെതിരിലും ഒരുപാടു കാര്യങ്ങൾ കേട്ടിരുന്നു. പക്ഷേ, ഇവിടെ വന്നപ്പോൾ അതിനെല്ലാം മറുപടി കിട്ടി. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയെ കണ്ടു. അദ്ദേഹത്തിന്റെ സംസാരം കേട്ടു. അദ്ദേഹത്തിൽനിന്ന് ഒരുപാടു അറിവ് കരസ്ഥമാക്കി. ജമാഅത്തിന്റെ ഖലീഫ പറഞ്ഞ കാര്യങ്ങൾ എന്നെ വളരെ ആകർഷിച്ചു.' പിന്നീടു പറയുന്നു: 'ഖലീഫ പറഞ്ഞ കാര്യങ്ങൾ കേട്ട് ലോകം മുഴുവനുമുള്ള ആളുകൾ അല്ലാഹുവിൽനിന്ന് ആരംഭിച്ച ഈ സന്ദേശവും വഴിയും സ്വീകരിക്കുമെന്ന് എനിക്ക് ഉറച്ച വിശ്വാസമായി. എന്നിൽനിന്ന് നിങ്ങൾക്ക് ശാന്തിയും സമാധാനവും ലഭിക്കുമാറാകട്ടെ.'

ലിഥ്വാനിയാ(Lithuania)യിൽ നിന്ന് അമ്പതുപേരടങ്ങുന്ന ഒരു സംഘം ജൽസയിൽ പങ്കെടുത്തു. അതിൽ നാല്പതു പേരും അനഹ്മദികളായിരുന്നു. പത്തുപേരാണ് അഹ്മദികളായി ഉണ്ടായിരുന്നത്.

ഒരു സാഹിബ പറയുന്നു: 'ഞാൻ ജമാഅത്തിന്റെ തന്നെ ഭാഗമാണെന്നാണ് ജൽസവേളയിൽ എനിക്ക് തോന്നിയത്. ഈ ജൽസ നമുക്ക് സമത്വത്തിന്റേയും സ്നേഹത്തിന്റേയും മറ്റുള്ളവർക്ക് സേവനം ചെയ്യേണ്ടിന്റേയും പാഠമാണ് നല്കുന്നത്. ഇതെങ്ങനെ പ്രയോഗവത്ക്കരിക്കാമെന്ന് ഈ ജൽസയിൽ കാണാവുന്നതാണ്.

ലിഥ്വാനിയ(Lithuania)യായുമായി ബന്ധം വെക്കുന്ന ഒരു ജാറോനീമസ് (Jaronimas) സാഹിബുണ്ട്. അദ്ദേഹം പറയുന്നു: ഞാനൊരു എഴുത്തുകാരനാണ്. ഇവിടെ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ വന്നതാണ്. അല്ലാഹുവിന്റെ ഏകത്വത്തെ കുറിച്ചുള്ള ക്ലാസ് ഏതു രീതിയിലാണോ ഖലീഫ അവതരിപ്പിച്ചത് എന്നെ അത് വല്ലാതെ ആകർഷിച്ചു.' വീണ്ടും പറയുന്നു: 'വെറും ഇബാദത്തുമാത്രം ചെയ്യരുത്. മറിച്ച് അല്ലാഹുവിനെ സന്തോഷിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഇക്കാര്യം എന്റെ മനസ്സ് ജയിച്ചടക്കിക്കളഞ്ഞു. ഞാൻ മടങ്ങിപ്പോയി ജമാഅത്തിനെ കുറിച്ച് പത്രങ്ങളിൽ കോളവും എഴുതുന്നതാണ്. എന്റെ മാഗസീന്റെ ഒരു ലക്കം മുഴുവൻ ജമാഅത്തിനെ കുറിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ എതിർപുകൾ നേരിടേണ്ടി വരുമെന്ന് എനിക്കറിയാം. പക്ഷേ, ഞാൻ സത്യത്തോടൊപ്പം നില്ക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ

വന്നതിനുശേഷം എന്റെ മനസ്സ് തികച്ചും സന്തുഷ്ടയും സംതൃപ്തയുമാണ്. ഞാൻ നിങ്ങൾക്കെല്ലാവർക്കുംവേണ്ടിയും ജമാഅത്തിനുവേണ്ടിയും ഒരുപാട് നല്ല ആഗ്രഹങ്ങൾ പ്രകടിപ്പിക്കുകയാണ്.'

താജക്കിസ്താനിൽ നിന്നു വന്ന ഒരു അനഹ്മദിയാണ് റഹീം സാഹിബ്. ഇദ്ദേഹം ഒരു രാഷ്ട്രീയക്കാരൻ കൂടിയാണ്. പറയുന്നു: ഇദ്ദേഹം പറയുന്നു: 'ആദ്യമായാണ് ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. രാവും പകലും ജോലി ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തകരുടേയും വികാരം എനിക്ക് മാതൃകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ എന്റെ മനസ്സിൽ തള്ളി നിന്ന അനേകം ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചു. ഇദ്ദേഹത്തിന്റെ അടുക്കൽ ഇരുന്നപ്പോൾ ഐക്യം ഈ ജമാഅത്തിന്റെ അടുത്താണെന്ന് തോന്നി. മുസ്ലീംകളുടെ ഇക്കാലഘട്ടത്തിലെ അവസ്ഥകളെ സംബന്ധിച്ച് എന്റെ ചോദ്യത്തിന് എല്ലാം അടങ്ങിയ മറുപടി ലഭിക്കുകയും ഞാൻ വിശ്വസക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന് ഭാവിയിൽ എല്ലാ മുസ്ലിം ഉമ്മത്തിനേയും സംഘടിപ്പിക്കാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു. എനിക്ക് ഈ ജമാഅത്ത് വളരെ ഗംഭീരമായി തോന്നുന്നു. ഈ ജൽസയും ഖലീഫയുമായുള്ള കൂടിക്കാഴ്ചയും ഞാൻ എപ്പോഴും ഓർമ വെക്കുന്നതാണ്.'

താജിക്കിസ്താനിലെ ഒരു യൂണിവേഴ്സിറ്റിയിലെ ലക്ചർ പറയുന്നു: 'എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയും അതിന്റെ ഒരുക്കങ്ങളും കണ്ട് വളരെ സന്തോഷമുണ്ടായി. ആതിഥ്യത്തിന്റേയും സഹകരണത്തിന്റേയും ഉദാഹരണം ഞാൻ ജീവിതത്തിൽ ആദ്യമായിട്ടാണ് കാണുന്നത്. അഹ്മദിയ്യാ ജമാഅത്തിന് ഇവിടെ വളരെ സ്വാതന്ത്ര്യമുണ്ട്. കാലത്തിന്റെ ഖലീഫയുടെ വനിതകളോടുള്ള പ്രഭാഷണം ഇന്നത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്. ലോകത്തുള്ളവരെല്ലാം അതനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ! എനിക്ക് ജമാഅത്തിന്റെ ഇമാമുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരവും കിട്ടി. അദ്ദേഹത്തിന് പത്രപ്രവർത്തനത്തേയും വർത്തമാന കാലത്തെ പ്രശ്നങ്ങളേയും സംബന്ധിച്ച് മതിയാവോളം അറിവുകളുണ്ട്. കൂടിക്കാഴ്ചയ്ക്കുമുമ്പേ ഞാൻ മനസ്സിലാക്കിയിരുന്നത് അദ്ദേഹം വെറുമൊരു മതപരമായ വ്യക്തിത്വമാണെന്നാണ്. പക്ഷേ, ഞാൻ സംസാരിച്ചപ്പോൾ ഒരുപാട് അറിവുകൾ ലഭിച്ചു. ലോകത്ത് മാധ്യമങ്ങൾ കലഹങ്ങൾ പരത്തുന്നതിൽ ഉൾപ്പെട്ടരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞത് തികച്ചും ശരിയാണ്. മാധ്യമങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ സമാധാനം സ്ഥാപിക്കുന്നതിന് തങ്ങളുടെ പങ്കുവഹിക്കാൻ കഴിയും. എന്റെ നല്ല ആഗ്രഹങ്ങൾ അഹ്മദിയ്യാ ജമാത്തിനോടും അഹ്മദിയ്യാ ജമാത്തിന്റെ ഇമാമിനോടുമൊപ്പമുണ്ട്.'

സെനഗൽ(Senegal)ലെ വലിയൊരു നഗരമായ ഇമ്പോറായുടെ മേയറും വന്നിരുന്നു. അദ്ദേഹം സെനഗളിലെ ഏറ്റവും വലിയ കക്ഷിയായ 'മുരീദി'ന്റെ ഖലീഫയുടെ പ്രതിനിധിയെന്ന നിലയിലാണ് ജൽസയിൽ പങ്കെടുത്തത്. അവിടെ അദ്ദേഹം സ്റ്റേജിൽ എനിക്കൊരു ഉപഹാരവും നല്കി. അദ്ദേഹം പറയുന്നു: 'ഞാൻ എന്റെ ഖലീഫയ്ക്കും ബയ്അത്തു ചെയ്തയാളാണ്. പക്ഷേ, ഇവിടെ കണ്ട ബയ്അത്തിന്റെ ദൃശ്യം ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല.' അദ്ദേഹം ഇക്കാര്യം പറയുമ്പോൾ വികാരാധീനനായിപ്പോയിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകാൻ തുടങ്ങി. പറഞ്ഞു: 'ഞങ്ങൾക്കും ഒരു ഖലീഫയുണ്ട്. എന്നാൽ, ഖിലാഫത്തിനോടുള്ള ഇത്ര സ്നേഹം ഞാനൊരിക്കലും കണ്ടിട്ടില്ല. അത്തരം ദൃശ്യം മുമ്പേയും കണ്ടിട്ടില്ല. ഖിലാഫത്തിനോടുള്ള ഇത്തരം സ്നേഹവും ഒരിക്കലും കണ്ടിട്ടില്ല. എങ്ങനെയാണ് സ്വഹാബത്ത് തങ്ങളുടെ ജീവൻ തൃണമാക്കിയിരുന്നതെന്ന് ഇന്ന് എനിക്ക് മനസ്സിലായി. ഞാൻ ആളുകളുടെ മനസ്സിലെ വികാരം കണ്ടു. സ്നേഹം കണ്ടപ്പോൾ, ഒരേയൊരു സൂചന ഖലീഫ കൊടുത്താൽ അത് നടപ്പിൽ വരുത്തുന്നതിൽനിന്ന് പിന്നാക്കം പോകുന്ന ആരുമുണ്ടാകില്ലെന്ന് എനിക്കു തോന്നി. അത്രമാത്രം സ്നേഹവും അനുസരണവുമാണ് ഞാൻ കണ്ടത്.' വീണ്ടും പറയുന്നു: 'ഞങ്ങളുടെ ജൽസയും മൂന്നു ദിവസമാണ്. ഞങ്ങളുടെ ഖലീഫ വരുമ്പോൾ ആരും നിശബ്ദരായി ഇരിക്കാറില്ല. എന്നാൽ, ഇവിടെ ഖലീഫ വരുമ്പോൾ എല്ലാവരും നിശബ്ദരായി ഖലീഫയുടെ സംസാരം കേൾക്കാൻ തയ്യാറായിരിക്കുന്നു.മതപരമോ ഭൗതികമോ ആയ ഒരു നേതാവിനെ വിശ്വസിക്കുന്ന ആരിലും ഞാൻ ഇത് കണ്ടിട്ടില്ല.'

ജൽസയുടെ അവസരത്തിൽ മൂന്നാം ദിവസം ബയ്അത്ത് നടന്നപ്പോൾ അവിടെ പുതിയതായി ബയ്അത്തുചെയ്യുന്ന 42 പേരുണ്ടായിരുന്നു. അവർ ബയ്അത്തു ചെയ്തു. അവരുടെ ബന്ധം 17 വിവിധ ജനതകളുമായിട്ടായിരുന്നു.

അൽബേനിയയിൽ നിന്നു വന്ന ബറക് സാഹിബ് എന്ന സുഹൃത്ത് പറയുന്നു: അഹ്മദിയ്യത്തിന്റെ കടുത്ത വിരോധിയായിരുന്നു ഞാൻ. എന്റെ സഹോദരനും സുഹൃത്തും അഹ്മദിയായിക്കഴിഞ്ഞിരുന്നു. സഹോദരൻ അഹ്മദിയ്യത്തിനെ വെറുക്കാൻവേണ്ടി ഞാൻ ആവുന്നതും ശ്രമിച്ചു. ഒടുവിൽ, ദുആ ചെയ്താൽ സത്യവാൻ ജയിക്കുമെന്ന് ഞങ്ങൾക്കിടയിൽ ധാരണയായി. പറയുന്നു: നിരന്തരം ദുആ ചെയ്തതിന്റെ ഫലമായി ജൽസ സാലാനയും ഇപ്പോഴത്തെ ഖലീഫയെയും നേരിൽ കാണണമെന്ന് മനസ്സ് ആഗ്രഹിച്ചു. കാരണം, തീരുമാനം അപുർണമാകരുതല്ലോ. അങ്ങനെ കഴിഞ്ഞ വർഷം ജൽസയിൽ പങ്കെടുത്തപ്പോൾ അല്പം തൃപ്തി തോന്നിയെങ്കിലും പിന്നെയും ചില അസ്വസ്ഥതകളുണ്ടായിരുന്നു. അങ്ങനെ നിർണായകമായ സമയം വന്നെത്തി. ഇപ്പോഴത്തെ ഖലീഫയുടെ മുഖകമലം ഞാൻ കണ്ടു. ഞാൻ നോക്കിയപ്പോൾ എന്റെ വിദ്വേഷവും ശത്രുതയും സംശയങ്ങളുമെല്ലാം ഹൃദയത്തിൽ നിന്നകന്നിരുന്നു. നിഷേധിക്കാൻ ഒരു പഴുതും ഇല്ലാതായി. അങ്ങനെ ജൽസയിൽ നിന്ന് തിരിച്ചെത്തിയ ശേഷം ഞാൻ ബയ്അത്ത് ഫോം പൂരിപ്പിച്ചു. ഇപ്രാവശ്യം ഞാൻ വന്നു. ബയ്അത്തു ചെയ്യാൻ ഭാഗ്യവും കിട്ടി.' പിന്നീട് ഇദ്ദേഹം പറയുന്നു: 'ഇതിന്നിടയിൽ എനിക്ക് മറ്റൊരു പ്രയാസം നേരിട്ടു. എന്റെ വിവാഹം നിശ്ചയിക്കപ്പെട്ട സ്ത്രീ അഹ്മദിയ്യാകാൻ ആഗ്രഹിച്ചിരുന്നില്ല. അവൾ ഖലീഫയുടെ ലജ്നയോടുള്ള പ്രസംഗം കേട്ടപ്പോൾ ബയ്അത്തു ചെയ്യാനുള്ള തീരുമാനമെടുത്തു. എന്റെ പ്രതിശ്രുത വധു പറഞ്ഞു: ഏതൊരു ജമാഅത്തിന്റെ കൈയിലാണോ ഇത്രമാത്രം വാത്സല്യവും സ്നേഹവുമുള്ള ഖലീഫയുള്ളത്, ഒരേയൊരു ആളിൽനിന്ന് മുഴുവൻ അനുഗ്രഹവും ലഭിക്കുന്നത് അത് മറ്റു മുസ്ലീംകളുടെ കൈയിലില്ല. ഇനി നമുക്ക് എത്രയും വേഗം അഹ്മദി എന്ന നിലയിൽ വിവാഹം കഴിക്കാം.'

ജൽസാസാലാന ജർമനിയുടെ മാധ്യമ കവറേജ് റിപ്പോർട്ട് ഇങ്ങനെയാണ്. ആഗോള മാധ്യമങ്ങളിൽ റൈറ്റേഴ്സ് വേൾഡ്, യൂറോപ്യൻ ന്യൂസ് ഏജൻസി, മസിഡോണിയ(Macedonia) ടി.വിയുടെ മൂന്നു ജേർണലിസ്റ്റ്, ലിഥ്വാനിയാ (Lithuania), ഇസ്റായേൽ, ചില ഓൺലൈൻ പത്രങ്ങളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. നാഷണൽ ലെവലിൽ ജർമനിയുടെ നാല് ടി.വി.സ്റ്റേഷന്റേയും രണ്ട് പ്രിന്റ് മീഡിയായുടേയും ഒരു റേഡിയോവിന്റേയും പ്രതിനിധികളും ഉണ്ടായിരുന്നു. അതിനുപുറമെ നാഷണൽ ന്യൂസ് ഏജൻസിയുടെ പ്രതിനിധിയും വന്നിരുന്നു. തദ്ദേശ ലെവലിൽ രണ്ട് ടി.വി. ചാനലിന്റേയും രണ്ടു റേഡിയോ സ്റ്റേഷന്റേയും രണ്ടു പ്രിന്റു മീഡിയായുടേയും ഒരു പത്രത്തിന്റേയും പ്രതിനിധികൾ പങ്കെടുത്തിരുന്നു. മൊത്തത്തിൽ ജർമനി ജൽസാസാലാനയുടെ മൂന്നു ദിവസത്തേയും പരിപാടികൾ കവറേജ് ചെയ്യപ്പെട്ടു. റിപ്പോർട്ടനുസരിച്ച് നാല് ടി.വി ചാനലുകാരും രണ്ടു റേഡിയോ നിലയക്കാരും 40 പത്രക്കാരും മറ്റു മാധ്യമങ്ങളും മുഖേന 28 ലക്ഷത്തി അമ്പത്തിയേഴായിരം ആളുകൾവരെ സന്ദേശമെത്തി. ഇതിനു പുറമെയും കൂടുതൽ ആർട്ടിക്കിൾ വന്നുകൊണ്ടിരിക്കുന്നു.

മാധ്യമ കവറേജ് ബെൽജിയം ജൽസാസാലാന: ഇവിടേയും ചില അഭിപ്രായങ്ങളുണ്ട്. അതു ശരിയായ നിലയിൽ സമാഹരിക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീട് മാജിദ് സാഹിബിന്റെ റിപ്പോർട്ടിൽ വരുന്നതായിരിക്കും. എന്തായാലും മീഡിയാ കവറേജുണ്ടായിട്ടുണ്ട്. ബെൽജിയൻ ടി.വി ചാനലിലും മൂന്നു പത്രങ്ങളിലും വാർത്തകൾ വന്നു. ഇതുമുഖേന രണ്ടു മില്യൺ ആളുകൾവരെ സന്ദേശമെത്തി. ബെൽജിയൻ ടി.വി യിലും പത്രങ്ങളിലും ജൽസയെ സംബന്ധിച്ച് വാർത്തകൾ വന്നു. ദിൽബീക്ക് (Dilbeek)ലാണ് ജൽസ നടന്നത്. ചെറുതല്ല, ഇത് ഒരു മധ്യമ നിലയിലുള്ള കസബയാണ്. 46000 ആണ് ഇവിടെത്തെ ജനസംഖ്യ. ഇപ്പോൾ അത് നഗരമായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ കഴിഞ്ഞ 10, 12 വർഷത്തിന്നിടയിൽ ധാരാളം വികസനം ഉണ്ടായിട്ടുണ്ട്. ദിൽബീക്കിൽ 4000 മുസ്ലീംകൾ സംഘടിച്ചിട്ട് തങ്ങൾ അറിഞ്ഞില്ലല്ലോ എന്നു പറഞ്ഞ് ചിലർ ഫോൺ ചെയ്തിരുന്നു. അവരുടെ പക്കൽ 4000 മുസ്ലീംകൾ സംഘടിക്കുന്നിടത്ത് തീർച്ചയായും കലഹവും വഴക്കും ഉണ്ടാകേണ്ടതാണ്. അല്ലെങ്കിൽ കലാപം ഉണ്ടാകേണ്ടതാണ്. പക്ഷേ, പറയുന്നത് 4000 മുസ്ലീംകൾ സംഘടിച്ചിട്ട് തങ്ങൾ അറിഞ്ഞില്ലെന്നും തങ്ങൾക്ക് ഈ സമ്മേളനംകൊണ്ട് ഒരുവിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടായില്ലെന്നും ഒരു തരത്തിലുള്ള ബഹളവും തങ്ങൾ കേട്ടില്ലെന്നുമാണ്.

പിന്നീട് എം.ടി.എ ആഫ്രിക്ക മുഖേന ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ അവരുടെ ടി.വി ചാനലുകൾ പരിപാടി സംപ്രേഷണം ചെയ്തു. റിവ്യൂ ഓഫ് റിലീജ്യൺസ് ഓൺലൈനിൽ ഒരു പുതിയ പരിപാടി തുടങ്ങിയിട്ടുണ്ട്. അതുമുഖേന ഏകദേശം രണ്ടു മില്യൺ(1.98 മില്യൺ)ആളുകൾവരെ ജൽസാപരിപാടികളെത്തി. ജനങ്ങളുടെ അഭിപ്രായങ്ങൾ നിരവധിയുണ്ട്. പത്രങ്ങളുടേയും മാധ്യമങ്ങളുടേയും വാർത്തകളുടെ വിശദീകരണവും എങ്ങനെയുള്ളതാണെന്നാൽ അവ മുഖേന ഇസ്ലാമിന്റെ യഥാർഥ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നു. ജനങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാകുകയും ചെയ്യുന്നു. അല്ലാഹു ഈ ജൽസകളുടെ ദീർഘകാലം നിലനില്ക്കുന്നതും നല്ലതുമായ സ്വാധീനം നിലനിറുത്തിക്കൊണ്ടു പോകുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ചില ജനാസകൾ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ കനഡയിലെ സയ്യിദ് ഹസനാത്ത് അഹ്മദ് സാഹിബിന്റേതാണ്. ആഗസ്റ്റ് 27ന് തൊണ്ണൂറ്റിരണ്ടണ്ടാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഡോക്ടർ സയ്യിദ് ശഫീഅ് അഹ്മദ് സാഹിബ് മുഹഖിഖ് ദഹ്ലവിയുടേയും സയ്യിദ ഖുറയ്ശ ത്വാഹിർ സാഹിബ-ബീഗം ശഫീഅ് എന്നാണ് ഇവർ അറിയപ്പെടുന്നത്-യുടേയും മകനായിരുന്നു.


അല്ലാഹുവിന്റെ കലാം

*മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)*

"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"

ത്വാലിബെ ദുആ

പി.പി.റഹീമും കുടുംബവും

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

ജൽസസാലാന ഖാദിയാൻ 2018

എല്ലാ ജമാഅത്തംഗങ്ങൾക്കും

ആശംസകളോടെ......

എം. അബ്ദുൽ വഹാബ് (Business)

അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,

പത്തനാപുരം- 689 695. Phone: 9744653179.

ജമാഅത്തിനുവേണ്ടി വേദനിക്കുന്ന വ്യക്തിയും മാന്യനും ആത്മാർഥനും ജമാഅത്തിനോടു കൂറുള്ളയാളുമായിരുന്നു. പരേതൻ മൂസിയായിരുന്നു. 70ന്റെ ദശകത്തിൽ കനഡയിൽവന്ന പ്രാരംഭ അഹ്മദികളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. അദ്ദേഹം കനിഡിയൻ മാധ്യമങ്ങളിൽ ഭരണതലത്തിലും സംസ്ഥാനതലത്തിലും തദ്ദേശതലത്തിലും ജമാഅത്തിനെ പരിചയപ്പെടുത്തി. പാക്കിസ്താനിൽ അഹ്മദികളുടെ മേൽ നടന്നുകൊണ്ടിരുന്ന അക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തി. ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി അവസാന ശ്വാസംവരെ ശ്രമിച്ചുകൊണ്ടിരുന്നു. അവിടന്ന് ഹ്യൂമൺ റൈറ്റ്സ് ആന്റ് റേയ്സ് റിലേഷൻ സെന്ററിന്റെ സ്ഥാപകനായിരുന്നു. ന്യൂ കനഡ പത്രത്തിന്റെ പബ്ലീഷറും ചീഫ് എഡിറ്ററുമായിരുന്നു. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായിരുന്നു. 1982–ൽ അദ്ദേഹം കനഡിയൻ ടി.വി രാജേഴ്സ് ചാനലിൽ പ്രതിഫലം ഒന്നും പറ്റാതെ ജമാഅത്തിന്റെ പ്രോഗ്രാം അവതരിപ്പിക്കാൻ തുടങ്ങി. ലോകം മുഴുവൻ ആദ്യമായി 1982 ഡിസംബർ 12 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഇസ്‌ലാം – അഹ്മദിയ്യത്തിന്റേയും പരിപാടി കനഡിയൻ ടി.വി.യിൽ അവതരിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചു. 85–86ൽ അഹ്മദിയ്യാ ഗസറ്റ് കനഡയുടെ പത്രാധിപരായിരുന്നു. മനുഷ്യാവകാശ സേവനമെന്ന നിലയിൽ കനഡ സർക്കാർ അദ്ദേഹത്തിന്റെ പേരിൽ ചിത്രത്തോടുകൂടിയ പോസ്റ്റൽ സ്റ്റാമ്പ് പുറത്തിറക്കി. കനഡ സർക്കാറും വിവിധ സംഘടനകളും അദ്ദേഹത്തിന് ഒരുപാട് സമ്മാനങ്ങളും ബഹുമതികളും അവാർഡുകളും നല്കി ആദരിച്ചു. കനഡ ജമാഅത്തിൽ മൂന്നുതവണ നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജ എന്ന നിലയിൽ സേവനമനുഷ്ഠിക്കാൻ ഭാഗ്യം ലഭിച്ചു. 1988–ൽ കനഡയിൽ അഭയം തേടിയെത്തിയ അഹ്മദികളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ദ്വൈമാസിക 'ന്യൂകനഡ' പ്രസിദ്ധീകരിക്കാൻ തുടങ്ങി. അതിലെ മുഖപ്രസംഗങ്ങൾ മുഖേന സർക്കാറിൽനിന്ന് കനഡയിൽ പുതിയതായി വരുന്നവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാൻ തൗഫീക് പ്രാപിച്ചുകൊണ്ടിരുന്നു. ഈ പത്രത്തിൽ അഹ്മദിയ്യത്തിന്റെ വിശ്വാസാദർശങ്ങളും അഹ്മദികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിർഭയനായ പത്രാധിപരുടെ പങ്കുവഹിച്ചു. ഇതുപോലെ തന്നെ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തിയും എഴുതിയിരുന്നു. അതു മൊഴിമാറ്റം നടത്തുകയും ചെയ്തിരുന്നു. അതും അദ്ദേഹത്തിന്റെ ജ്ഞാനപരമായ വളരെ വലിയൊരു ശ്രമമാണ്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുകയും മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മുബാറക്ക ശൗക്കത്ത് സാഹിബയുടേതാണ്. ഇന്തൊനേഷ്യയിലേയും ഹോളണ്ടിലേയും മുബല്ലിഗായിരുന്ന ഹാഫിള് ഖുദ്റത്തുല്ലാഹ് സാഹിബിന്റെ ഭാര്യയായിരുന്നു. സെപ്റ്റംബർ 8ന് തൊണ്ണൂറ്റിനാലാമത്തെ വയസ്സിലാണ് അവർ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ബാബു അബ്ദുല്ലത്തീഫ് സാഹിബിന്റെ മകളായിരുന്നു. അവരുടെ വിവാഹം 1940–ൽ ഹാഫിള് ഖുദ്റത്തുല്ലാഹ് സാഹിബുമായി നടന്നു. അദ്ദേഹം വാഖ്ഫെ സിന്ദഗിയും ജമാഅത്തിന്റെ പ്രാരംഭകാല മുബല്ലിഗുമാരിൽപ്പെട്ടയാളുമായിരുന്നു. അദ്ദേഹത്തോടൊപ്പം 53 വർഷം ജീവിച്ചു. ഏകദേശം 20 വർഷക്കാലം ഹാഫിള് സാഹിബ് ജിഹാദ് രംഗത്തായ കാരണത്താൽ, തബ്ലീഗ് മൈതാനത്തായ കാരണത്താൽ രാജ്യത്തിനു വെളിയിലായ കാരണത്താൽ തന്റെ കുട്ടികളുടെ തഅ്ലീം തർബിയ്യത്ത് എന്ന നിർബന്ധ കടമ സ്വയം തന്നെ നിറവേറ്റി. പഴയകാല മുബല്ലിഗുമാരുടെ ഭാര്യമാരും വലിയ ത്യാഗങ്ങളാണ് വരിച്ചിരുന്നത്. 15, 20 വർഷംവരെ തങ്ങളുടെ ഭർത്താക്കന്മാരിൽ നിന്ന് അകന്നു നിന്നിരുന്നു. വളരെ പുണ്യവതിയും ദുആ ചെയ്യുന്ന വ്യക്തിയും ആരാധനാ കർമങ്ങൾ നിർവഹിക്കുന്ന സ്ത്രീയുമായിരുന്നു. കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നവരും ദരിദ്രരെ സഹായിക്കുന്നവരുമായ ആത്മാർഥതയുള്ള സ്ത്രീയായിരുന്നു. തഹജ്ജുദ് നമസ്കരിക്കുന്നവരും ദീനീസേവനപ്രവർത്തനങ്ങളിൽ പൂർണമായും പങ്കെടുക്കുന്നവരും ഖിലാഫത്തിനോടു ഉറച്ചതും ഉന്നതവുമായ ബന്ധവും ഉണ്ടായിരുന്നു. കതലാൻ (Catalan)ഭാഷയിൽ ജമാഅത്ത് പ്രസിദ്ധീകരിച്ച വിശുദ്ധ ഖുർആനിന്റെ തർജമയുടെ മുഴുവൻ ചെലവും തന്റേയും ഹാഫിള്സാഹിബിന്റേയും കുടുംബത്തിന്റേയും വകയായി സമർപ്പിക്കാൻ തൗഫീക് കിട്ടി. ഇന്തൊനേഷ്യയിലെ ഒരു മസ്ജിദിന്റെ മുഴുവൻ നിർമാണച്ചെലവും കുടുംബത്തിന്റെ വകയായി നല്കാനും തൗഫീക് കിട്ടി. അവരുടെ സന്തപ്ത കുടുംബാംഗങ്ങളിൽ അസീസുല്ലാഹ് സാഹിബ് എന്ന മകനും മൂന്നു പെൺമക്കളുമാണുള്ളത്. അല്ലാഹു ഇവർക്കെല്ലാം അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീക് നല്കുമാറാകട്ടെ. അവരോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറുകയും ചെയ്യുമാറാകട്ടെ. ഇവർ അത്വാഉൽ മുജീബ് റാശിദ് സാഹിബിന്റെ അമ്മായി ആണ്.

മൂന്നാമത്തെ ജനാസ ആസ്ട്രേലിയയിലെ നായിബ് അമീർ ചൗദരി ഖാലിദ് സയ്ഫുല്ലാഹ് സാഹിബിന്റേതാണ്. സെപ്റ്റംബർ 16ന് എൺപത്തിയേഴാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് ഇദ്ദേഹത്തിന്റെ പിതാമഹൻ ഗുരുദാസ്പൂർ ജില്ലയിലെ ഗുൽമൻജ് എന്ന സ്ഥലത്തെ നമ്പർദാറായ ചൗദരി മുഹമ്മദ് ഖാൻ സാഹിബുമുഖേനയാണ്. അദ്ദേഹം 1890–ൽ യുവത്വത്തിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) നേരിട്ട് വ്യക്തിപരമായ നിലയിൽ സന്ദേശം എത്തിച്ചു എന്ന ബഹുമതിയും ചൗദരി മുഹമ്മദ് ഖാൻ സാഹിബിനുണ്ട്. ഇദ്ദേഹം ഖാദിയാനിൽപോയി. അവിടെ അസ്ർ നമസ്കാരത്തിന്റെ സമയമായിരുന്നു. നമസ്കരിക്കാം എന്ന് അദ്ദേഹം പറഞ്ഞു. മസ്ജിദ് അഖ്സായിൽ നമസ്കരിക്കുന്നതിന് പോയി. അവിടെ നമസ്കാരം അവസാനിച്ചു കഴിഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പുറത്തേക്ക് വരികയായിരുന്നു. സലാം പറഞ്ഞു. ഇവർ നമസ്കരിക്കാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവിടെ ഇരുന്നു. അവർ നമസ്കരിച്ചുകഴിഞ്ഞപ്പോൾ നിങ്ങൾക്ക് തന്റെ സന്ദേശം എത്തിയോ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു. ഇല്ലെന്ന് അവർ പറഞ്ഞു. ഒരു വിളംബരം തുടങ്ങിയവയും എത്തിയിട്ടില്ല. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെ തന്റെ മുറിയിൽ കൊണ്ടുപോയി. പറയുന്നു: അവിടെ അലമാരയിൽ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. നിങ്ങളുടെ ഗ്രാമത്തിലെ വിദ്യാസമ്പന്നരായവർക്കുവേണ്ടി ഈ ഗ്രന്ഥങ്ങൾ കൊണ്ടുപൊയ്ക്കൊള്ളുക എന്ന് അവിടന്ന് പറഞ്ഞു. ഇദ്ദേഹം പറയുന്നു: വിദ്യാസമ്പന്നർ മൂന്നുനാലുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ 14, 15 ലിറ്ററേച്ചർ എടുത്തു. അതിൽ അവിടത്തെ വാദത്തിന്റെ വിളംബരവുമുണ്ടായിരുന്നു. ഞാൻ കൊണ്ടുപോയി. അതിനുശേഷം അത് വായിച്ചു. അതിൽ വളരെ ആകർഷിതനായി. ഹദ്റത്ത് മിയാൻ ജമാൽദീൻ സാഹിബും ഹദ്റത്ത് മിയാൻ ഖയ്ർ ദീൻ സാഹിബും താമസിച്ചിരുന്ന ഗ്രാമമായിരുന്നു സീഘ്വാ. അദ്ദേഹത്തിന് അവരെ പരിചയമുണ്ടായിരുന്നു. ഇവർ സാഹിത്യങ്ങൾ വായിച്ചതിനുശേഷം അവരുടെ അടുത്ത് കൊണ്ടുപോയി. തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്നും നിങ്ങളും വിശ്വസിച്ചുകൊള്ളുക എന്നും അവർ പറഞ്ഞു. അങ്ങനെ ചൗദരീ മുഹമ്മദ് ഖാൻസാഹിബ് സീഘ്വായിൽനിന്ന് നേരെ ഖാദിയാനിലേക്ക് പോയി. ഖാദിയാനെത്തി ബയ്അത്ത് ചെയ്യാൻ അദ്ദേഹം അപേക്ഷ കൊടുത്തു. അത് സ്വീകരിക്കപ്പെട്ടു. ഇപ്രകാരം ബയ്അത്തു ചെയ്തു അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. ബയ്അത്തിനുശേഷം പറയുന്നു, ഒരു ദിവസം ചൗദരി മുഹമ്മദ് ഖാൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലുകൾ അമർത്തിക്കൊടുക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം അറച്ചറച്ച് തന്റെ ദീനും ദുൻയാവും നല്ലതാകുന്നതിനുവേണ്ടി തനിക്ക് ജപം പറഞ്ഞുതരാൻ അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'നമ്മുടെ ജപം ഇതുതന്നെയാണ്: നമസ്കാരം അലങ്കാരത്തോടെ അനുഷ്ഠിക്കുക. ഇസ്തിഗ്ഫാർ അധികമായി ചൊല്ലുക. പിന്നീടൊരിക്കൽ കാല് അമർത്തിക്കൊണ്ടിരിക്കുമ്പോൾ വീണ്ടും അപേക്ഷിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇസ്തിഗ്ഫാറും സ്വലാത്തും അധികമായി ചൊല്ലിക്കൊണ്ടിരിക്കുക. അങ്ങനെ അദ്ദേഹം ജീവിതം മുഴുവൻ അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും ഈ നിവേദനം എഴുതിയിട്ടുണ്ട്. ഈ ആദ്യം പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെ പിതാമഹന്റേതായിരുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചായിരുന്നു. ചൗദരീ ഖാലിദ് സയ്ഫുല്ലാഹ് സാഹിബിനെ കുറിച്ച് പറയുന്നത് അദ്ദേഹം തന്റെ ഉദ്യോഗസംബന്ധമായി എവിടെ താമസിച്ചാലും ജമാഅത്തിന് സേവനം ചെയ്തുകൊണ്ടിരുന്നുവെന്നാണ്. സ്വദ്സാല ജൂബിലിയുടെ സ്റ്റാന്റിംഗ് കമ്മിയുടെ സ്വദർ മെമ്പറുമായിരുന്നു ഇദ്ദേഹം. ഖുദ്ദാമുൽ അഹ്മദിയ്യായുടെ കേന്ദ്ര ശൂറായുടെ ദസ്തൂർ കമ്മിറ്റിസ്വദ്റുമായിരുന്നു. ഫയ്സലാബാദ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയുമായിരുന്നു. മർക്കസി അഹ്മദിയ്യാ ഇഞ്ചിനിയറിംഗ് അസോസിയേഷന്റെ ഫിനാൻഷൽ സെക്രട്ടറിയുമായിരുന്നു. സിവിൽ ലൈൻ ലാഹോറിന്റേയും തർബീലയുടേയും സ്വദ്ർ ഹൽഖയുമായിരുന്നു. ബിൻഗാസി ലിബിയായുടെ ജമാഅത്ത് അമീറുമായിട്ടുണ്ട്. അൻസ്വാറുല്ലാഹ് ആസ്ത്രേലിയായുടെ സ്വദ്റുമായിരുന്നു. മഹ്മൂദ് ബംഗാളി സാഹിബിന്റെ വഫാത്തിനുശേഷം കുറച്ചുകാലത്തേക്ക് അദ്ദേഹത്തെ ആസ്ത്രേലിയ ജമാഅത്തിന്റെ ഖായിം മഖാം അമീറായി ഞാൻ നിയമിച്ചിരുന്നു. അതും വളരെ ഭംഗിയായ നിലയിൽ നിറവേറ്റാൻ അദ്ദേഹത്തിന് തൗഫീക് കിട്ടി. ഖിലാഫത്തിനോടു അദ്ദേഹത്തിന് അസാധാരണമായ കൂറും അനുസരണവുമായിരുന്നു. അദ്ദേഹത്തിന്റെ നിരവധി സേവനങ്ങൾ വേറേയുമുണ്ട്. എന്തായാലും നിരസാന്നിദ്ധ്യത്തോടെ അദ്ദേഹം ജീവിച്ചു. വലിയ അറിവുള്ള ആളായിരുന്നു. ജമാഅത്തിന്റെ പത്രമാസികകളിലും അദ്ദേഹത്തിന്റെ ലേഖനം പ്രസിദ്ധീകരിച്ചുവന്നിട്ടുണ്ട്. എന്നാൽ, അങ്ങേയറ്റം നിഷ്കളങ്ക സ്വഭാവമായിരുന്നു. എപ്പോഴും മന്ദസ്മിത വദനനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടുകൂടി പെരുമാറട്ടെ. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ മൂന്നുപെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ മൂത്തമകൻ മുഹമ്മദ് ഉമർ ഖാലിദ് സാഹിബ് ഇവിടെ യൂ.കെ യിൽ തന്നെയാണുത്. മോർഡണിലെ ഹൽഖ സ്വദ്റാണ്. ചെറിയ മകൻ അഹ്മദ് ഉമർ ഖാലിദ് ആസ്ത്രേലിയായിൽ നാഷണൽ സെക്രട്ടറി വഖ്ഫെ ജദീദെന്ന നിലയിൽ സേവനം ചെയ്തുവരുന്നു. അദ്ദേഹത്തിന് പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ അദ്ദേഹത്തിന്റെ എല്ലാ മക്കൾക്കും അല്ലാഹു തൗഫീക് നല്കുമാറാകട്ടെ.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

# സന്മാർഗപാത

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച....)**

ബയ്അത്ത് ചെയ്ത് അതായത്, അനുസരണപ്രതിജ്ഞചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നത് കൊണ്ടുമാത്രം അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കാൻ കഴിയുമെന്ന് ആരും കരുതരുത്! അതൊരു പുറന്തോടാകുന്നു. അതിനുള്ളിൽ കാമ്പ് വേണം. അതു പ്രകൃതിനിയമമാണ്. എല്ലാറ്റിലും പുറന്തോടുണ്ടാകും. പ്രയോജനപ്പെടുന്നത് അതിനകത്തുള്ള കാമ്പായിരിക്കും.

കാറ്റുനിറഞ്ഞ കോഴിമുട്ടപോലെ കാമ്പില്ലാതായ ചിലതും ഉണ്ടാകാറുണ്ട്. അതിൽ മഞ്ഞക്കരുവോ വെള്ളക്കരുവോ കാണുകയില്ല. വലിച്ചെറിയുകയേ നിവൃത്തിയുള്ളൂ. ചിലപ്പോൾ ഏതാനും സമയത്തേക്ക് അതുകൊണ്ട് കുട്ടികൾക്ക് കളിക്കാമായിരിക്കാം. അതിൽ കവിഞ്ഞ് അതിനെക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല. അതുപോലെ ബയ്അത്തിന്റേയും വിശ്വാസത്തിന്റേയും വാദം ഉന്നയിക്കുന്ന ആൾ അവ രണ്ടിന്റേയും കാമ്പ് ഉൾക്കൊള്ളുന്നില്ലെങ്കിൽ കാമ്പ് നഷ്ടപ്പെട്ട മുട്ടപോലെ വലിച്ചെറിയപ്പെടുന്ന നേരം വന്നെത്തുന്നതാണ്. അതുകൊണ്ട് അത്തരക്കാർ ഭയക്കേണ്ടതാണ്.

### ബയ്അത്തിന്റെ കാമ്പ്:

ബയ്അത്തിന്റേയും ഈമാനിന്റേയും അവകാശവാദം പുറപ്പെടുവിക്കുന്നവർ തങ്ങൾ പുറന്തോടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സത്യവിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വിശ്വാസാദർശത്തിന്റേയും ശിഷ്യത്വത്തിന്റേയും ഇസ്ലാമിന്റേയും അനുസരണപ്രതിജ്ഞയുടേയും കാമ്പില്ലാത്ത വാദം നിരർഥമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനാണ് വില; പുറന്തോടിനല്ല. ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. മരണം എപ്പോൾ വന്നെത്തുമെന്ന് ആർക്കും അറിയില്ല. പക്ഷേ, അത് സുനിശ്ചിതമാണ്! കേവലം വാദത്തിൽ ഒരിക്കലും തൃപ്തനായിരിക്കരുത്. സന്തോഷിക്കുകയുമരുത്. മനുഷ്യൻ തന്നിലേക്ക് നിരവധി മരണം വരിക്കാത്തിടത്തോളം അത് ഫലം ചെയ്യുന്ന വസ്തുവല്ല. അനേകം മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും പുറത്ത് വരാത്തിടത്തോളം അവൻ മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യത്തെ പ്രാപിക്കുകയുമില്ല.

### ഇൻസാൻ എന്നതിന്റെ അർഥം

'ഇൻസാൻ' എന്ന പദം വാസ്തവത്തിൽ 'ഉൻസാൻ' എന്ന പദത്തിൽനിന്ന് എടുക്കപ്പെട്ടതാണ്. അതായത് ഏതൊന്നിലാണോ രണ്ട് യഥാർഥമായ സ്നേഹം കുടികൊള്ളുന്നത് അതാണ് 'ഉൻസാൻ'. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം. രണ്ടാമത്തേത് സമസൃഷ്ടികളോടുള്ള സ്നേഹം. ഈ രണ്ട് സ്നേഹവും അവനിൽ ഉണ്ടാകുമ്പോഴാണ് അവൻ മനുഷ്യൻ എന്ന് പറയപ്പെടുന്നത്. ഇതുതന്നെയാണ് മനുഷ്യന്റെ കാമ്പ് എന്നു പറയപ്പെടുന്നതും! ഈ സ്ഥാനത്ത് മനുഷ്യൻ ഉലുൽ അൽബാബ് – ബുദ്ധിമാൻ എന്നും പറയപ്പെടുന്നു! ഇതില്ലെങ്കിൽ അവൻ ഒന്നുമല്ല. ആയിരക്കണക്കിന് വാദം പുറപ്പെടുവിച്ചാലും അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ നബിയുടേയും പക്കൽ അതെല്ലാം പൊള്ളയായിരിക്കും.

### നബിയുടെ മാതൃക

മനുഷ്യരെല്ലാം മാതൃകയെ ആശ്രയിക്കുന്നവരാണെന്ന കാര്യം ഓർക്കേണ്ടതാണ്. ആ മാതൃക പ്രവാചകന്മാരാണ്. മരങ്ങളിൽപോലും ദൈവവചനം എഴുതിപ്പിടിപ്പിക്കാൻ ശക്തിയുള്ളവനാണ് അല്ലാഹു. എന്നാൽ, അവൻ പ്രവാചകന്മാരെ നിയോഗിച്ചു. അവർ മുഖേന ദൈവവചനം ഇറക്കി. അതിന്റെ രഹസ്യം അല്ലാഹുവിന്റെ ദിവ്യതേജസ്സ് മനുഷ്യൻ കാണുക എന്നതായിരുന്നു. അത് വെളിപ്പെടുന്നത് പ്രവാചകന്മാരിലൂടെയാണ്.

### പ്രവാചകന്മാർ ഈശ്വരതയുടെ പ്രതീകങ്ങൾ

പ്രവാചകന്മാർ ഈശ്വരതയുടെ പ്രതീകങ്ങളും ദൈവത്തെ പ്രദർശിപ്പിക്കുന്ന വ്യക്തികളുമാണ്. യഥാർഥ മുസൽമാനും വിശ്വാസിയും ആയിട്ടുള്ളവരാകട്ടെ, പ്രവാചകന്മാരുടെ പ്രതീകങ്ങളുമാണ്! ഈ രഹസ്യം സ്വഹാബത്ത് നലവണ്ണം മനസ്സിലാക്കിയിരുന്നു. അവർ നബി(സ)തിരുമേനിയുടെ അനുസരണത്തിൽ തങ്ങളിൽ ഒന്നും അവശേഷിക്കാത്തവിധം ലയിച്ചു. ആ ലയനലോകത്താണ് അവരെ സർവ്വരും കണ്ടിരുന്നത്. ഓർക്കുക, ആദരീണയരായ സ്വഹാബിമാരിൽ ഉണ്ടായിരുന്നതുപോലുള്ള ലയനവും അനുസരണവും ആത്മപരിത്യാഗവും ഇക്കാലത്തും ഉണ്ടാകുന്നില്ലെങ്കിൽ ശിഷ്യഗണങ്ങളിലും വിശ്വാസികളിലും തങ്ങളും പ്രവേശിച്ചിരിക്കുന്നുവെന്നുള്ള വാദം നിരർഥമാണ്. അല്ലാഹു നിങ്ങളിൽ കുടിയിരിക്കുകയും അല്ലാഹുവിന്റെ അടയാളങ്ങൾ നിങ്ങളിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യാത്തിടത്തോളം സാത്താനികശക്തിയുടെ സ്വാധീനം നിങ്ങളിൽ പ്രകടമാകുമെന്ന കാര്യം നിങ്ങൾ നല്ലവണ്ണം ഓർത്തുകൊള്ളുക.

### രണ്ടുതരം ക്ഷണം

കളവ്, ക്രമരാഹിത്യം, കുടിലവിചാരം, കൊലപാതകം, ലൗകികാസക്തി, ദുരഹങ്കാരം തുടങ്ങിയ അധമമാർഗങ്ങളിലേക്ക് ശയ്ത്വാൻ ക്ഷണിക്കുന്നു. അല്ലാഹു ക്ഷണിക്കുന്നതാകട്ടെ, സൽസ്വഭാവം, സഹനം, അല്ലാഹുവിലുള്ള സായൂജ്യം, ആത്മാർഥത, സത്യവിശ്വാസം, ജീവിതവിജയം എന്നിവയിലേക്കാണ്. ഈ രണ്ടു ക്ഷണങ്ങളുടേയും ഇടയ്ക്കാണ് മനുഷ്യനുള്ളത്. പിന്നെ സൽപ്രകൃതിയും സൗഭാഗ്യത്തിന്റെ ബീജവും കുടിക്കൊള്ളുന്ന വ്യക്തി, ശയ്ത്വാനിന്റെ ആയിരക്കണക്കിന് ക്ഷണവും പ്രലോഭനവും ഉണ്ടായാലും സൽബീജത്തിന്റെ ഗുണംകൊണ്ട് അല്ലാഹുവിലേക്കുതന്നെ ഓടിച്ചെല്ലുന്നു. തന്റെ സുഖവും സംതൃപ്തിയും സമാധാനവും അവനിൽനിന്നു തന്നെ അവൻ പ്രാപിക്കുകയും ചെയ്യുന്നു.

### സത്യവിശ്വാസത്തിന്റെ സ്വാധീനം

ഓരോ വസ്തുവിനും ഓരോ അടയാളമുണ്ട്. സൽപ്രകൃതിയുള്ള മനുഷ്യനിൽ അതിന്റെ അടയാളം കാണുന്നില്ലെങ്കിൽ അവനെ വിശ്വസിക്കാൻ പറ്റുകയില്ല. മരുന്നുകൾ വൈദ്യൻ തിരിച്ചറിയുന്നു. ഔഷധചെടികളിൽ ദീർഘമായ പരീക്ഷണനിരീക്ഷണങ്ങൾക്കുശേഷം കണ്ടെത്തിയ ഗുണവിശേഷങ്ങൾ കാണുന്നില്ലെങ്കിൽ ഒന്നിനും കൊള്ളാത്തവസ്തുവെന്നപോലെ വൈദ്യൻ അതെടുത്തു എറിഞ്ഞുകളയും. ഇപ്രകാരംതന്നെ സത്യവിശ്വാസത്തിനും അടയാളങ്ങളുണ്ട്. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ പല ആവർത്തി ഇതു വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യനിൽ ഈമാൻ– സത്യവിശ്വാസം പ്രവേശിച്ചു കഴിഞ്ഞാൽ അതിനോടൊപ്പം അല്ലാഹുവിന്റെ മഹത്ത്വവും അതായത് പരിശുദ്ധമായ പ്രതാപവും ശാക്തികമായ പ്രഭാവവും അതിനേക്കാളുപരി ലാ ഇലാഹ ഇല്ലല്ലാഹ് എന്ന യഥാർഥമായ കാമ്പും പ്രവേശിക്കുന്നു. എത്രത്തോളമെന്നാൽ, അല്ലാഹുതആല അവനിൽ കുടിയിരിക്കാൻ തുടങ്ങുന്നു. സാത്താനിക ജീവിതത്തിന് മരണം സംഭവിക്കുന്നു. പാപപ്രകൃതി നശിച്ചൊടുങ്ങുന്നു. പുതിയൊരു ജീവിതത്തിന് സമാരംഭം കുറിക്കുന്നു. അത് റഹ്മാനിയായ– ദിവ്യമായ ജീവിതമാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ പിറന്നുവീണ ആദ്യ ദിവസം എന്നു പറയാം! പൈശാചിക ജീവിതത്തിന് മരണം സംഭവിക്കുമ്പോൾ ആത്മീയ ജീവിതം പിറക്കുന്നു; കുട്ടി പിറക്കുന്നതുപോലെതന്നെ!

### ഇസ്ലാമിന്റെ ദൈവം

ഈ പിറവയിലേക്ക് സൂചന നല്കിക്കൊണ്ട് വിശുദ്ധ ഖുർആനിലെ ഫാതിഹാ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

*അൽഹംദുലില്ലാഹി റബ്ബിൽആലമീൻ– അർറഹ്മാനിർറഹീം–മാലിക്കി യൗമിദ്ദീൻ*

സർവ്വലോക പരിപാലകനായ (റബ്ബ്) അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും–പരമകാരുണികൻ(റഹ്മാൻ) കരുണാമയൻ (റഹീം)– പ്രതിഫലം നല്കപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ (മാലിക്ക്).

അല്ലാഹു തന്നെയാണ് ഈ നാല് ഗുണവിശേഷങ്ങളും വിവരിച്ചിട്ടുള്ളത്. അതായത് സകലസ്തുതിയും അടങ്ങിയിട്ടുള്ളവനാണ് അല്ലാഹു. അവനിൽ അടങ്ങിയിട്ടില്ലാത്ത എന്തെങ്കിലും ഒരു ഗുണം വേറെയുണ്ടെന്ന് വിചാരിക്കാനേ സാധ്യമല്ല. എന്നുമാത്രമല്ല, ഔദാര്യവാനായ അല്ലാഹുവിൽ അന്തർലീനമായിരിക്കുന്ന സ്തുതികളും ഗുണവിശേഷങ്ങളും മനുഷ്യന് എണ്ണിത്തിട്ടപ്പെടുത്താനും സാധ്യമല്ല. ലോകത്തിന് ഇസ്ലാം സമർപിച്ചിട്ടുള്ള ദൈവം ഒന്നുമാത്രമാണ് പരിപൂർണ്ണനും സത്യസ്വരൂപനുമായവൻ. അതുകൊണ്ട് വിശുദ്ധഖുർആൻ അൽഹംദുലില്ലാഹി എന്ന പദങ്ങളോടെ സമാരംഭിച്ചു. എന്തെങ്കിലുമൊക്കെ ന്യൂനതകളുള്ള ദൈവങ്ങളെയാണ് മറ്റുള്ള ജനതകളും ഗ്രന്ഥങ്ങളും സമർപിക്കുന്നത്. ചില ദൈവങ്ങൾക്ക് കൈകളില്ല. ചിലതിന് ചെവികളില്ല. ചില ദൈവങ്ങൾ ഊമകളാണ്. ചുരുക്കിപറഞ്ഞാൽ എന്തെങ്കിലും ന്യൂനതയോ രോഗമോ അവയ്ക്കുണ്ട്. ഉദാഹരണത്തിന്, ക്രിസ്ത്യാനികൾ ഉണ്ടാക്കിവച്ചിരിക്കുന്ന ദൈവം! 1900 വർഷം ഈ കൃത്രിമദൈവത്തിൽ അവർ കഴിഞ്ഞുകടന്നു. ഇതുമില്ലായിരുന്നെങ്കിൽ അവരുടെ കൈയിൽ ഒന്നും അവശേഷിക്കുമായിരുന്നില്ല. ഇപ്പോഴും ഈ മതം വെറുമൊരു അസഭ്യ കാര്യത്തിലാണ് നിലനിൽക്കുന്നത്. മസീഹിനെ ദൈവമാക്കുന്ന ഇക്കൂട്ടർക്ക് അല്പം ലജ്ജയുണ്ടായിരുന്നെങ്കിൽ ഈ തത്ത്വം അംഗീകരിക്കുമായിരുന്നില്ല. ഒരു സ്ത്രീയുടെ ഉദരത്തിൽനിന്ന് സാധാരണനിലയിൽ പിറന്നുവീണ ദുർബലനും, നിരാലംബനും, തിന്നാനും കുടിക്കാനും മറ്റുള്ളവരെ ആശ്രയിക്കുന്നവനും, മലമൂത്രവിസർജനം നടത്തുന്നവനും, അങ്ങനെ മനുഷ്യന് ആവശ്യമായ എല്ലാ കാര്യങ്ങളുടേയും തടവുകാരനുമായ ഒരു കുട്ടി, സർവനിയന്താവായ ദൈവമായി മാറുന്നതെങ്ങനെ? അവർ ചിന്തിച്ചിരുന്നെങ്കിൽ!!

ഹൈന്ദവരുടെ ഭാവനയിൽ ഗംഗയുടെ വെള്ളത്തിൽ സത്തും അനുഗ്രഹവുമുണ്ട്. വാസ്തവത്തിൽ സാധാരണമായ ഒരു നദിയാണത്. മറ്റു നദികളിലെന്നപോലെ തവളയും ആമയും അതിലുമുണ്ട്. ശവ

(ശേഷം പേജ് 11ൽ)

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

**❋ വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋ പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋ അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋ നിളാമിനെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2016 മെയ് 8 (ഞായറാഴ്ച)

**നാസിറാത്തുൽ അഹ്മദിയ്യായുടെ ക്ലാസ്:**

(തുടർച്ച....) അതിനുശേഷം പ്രോഗ്രാമനുസരിച്ച് ഹുദൂറുമൊത്ത് നാസിറാത്തിന്റെ ക്ലാസ് ആരംഭിച്ചു. അസീസ സബീക്ക മഹ്മൂദിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെയാണ് പരിപാടിയ്ക്ക് തുടക്കം കുറിച്ചത്. അതിന്റെ ഉർദു തർജമ അസീസ രോശാന ത്വാഹിർ അവതരിപ്പിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'ഡാനിഷ് ഭാഷ അറിയുന്നവർക്കുവേണ്ടി ഡാനിഷ് തർജമയും ഉണ്ടായിരിക്കേണ്ടതാണ്.' അതുകഴിഞ്ഞ് അസീസ സാബിറ ത്വാഹിർ ഖിലാഫത്തിനെ കുറിച്ചുള്ള നബി(സ)തിരുമേനിയുടെ ഹദീഥ് അവതരിപ്പിച്ചു. അതിന്റെ ഉർദു തർജമ സമർപിച്ചത് അസീസ ശുമാഇല ശാഹിദ ആയിരുന്നു.

ഹദ്റത്ത് ഹുദയ്ഫ(റ) നിവേദനം, നബി(സ) തിരുമേനി അരുൾചെയ്തു: 'അല്ലാഹു ഇച്ഛിക്കുവോളം നിങ്ങളിൽ നുബുവ്വത്ത് നിലകൊള്ളുന്നതാണ്. പിന്നീട് അവൻ അതിനെ ഉയർത്തുകയും നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത് നിലവിൽ വരികയും ചെയ്യും. പിന്നീട് അല്ലാഹു ഇച്ഛിക്കുമ്പോൾ ആ അനുഗ്രഹവും ഉയർത്തുന്നതാണ്. പിന്നീട് അവന്റെ വിധിയനുസരിച്ച് ദ്രോഹിക്കുന്ന രാജത്വം നിലവിൽ വരും. ആ കാലഘട്ടം അവസാനിക്കുമ്പോൾ അവന്റെ രണ്ടാമത്തെ വിധിയനുസരിച്ച് ബലാൽക്കാരപൂർവം ഭരണം നടത്തുന്ന രാജത്വം നിലവിൽ വരും. അങ്ങനെ അല്ലാഹുവിന്റെ കാരുണ്യം അലയടിച്ചുവരികയും അക്രമത്തിന്റേയും ദ്രോഹത്തിന്റേയും കാലഘട്ടം അവസാനിക്കുകയും ചെയ്യും. അതിനുശേഷം നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും. ഇതു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി നിശബ്ദനായി.'

അസീസ വനീസ അഹ്മദ് 'ഖുലഫാഉർറാശിദീൻ' എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. നാലു ഖുലഫാഉർറാശിദീനെക്കുറിച്ചും ഹ്രസ്വമായി പറയുകയുണ്ടായി.

അതിനുശേഷം അസീസ അലീശ ബട്ട്, ലബീന ജാവേദ്, മുബശ്ശിറ ചീമ, അനീഖ ലഈഖ്, മശ്അൽ അഹ്മദ്, അസീസ സാറാ ത്വാരിഖ് എന്നിവർ താഴെ കൊടുത്തിരിക്കുന്ന പദ്യം കോറസ് എന്ന രീതിയിൽ വളരെ മനോഹരമായ ഈണത്തിൽ അവതരിപ്പിച്ചു.

ഹമാരാ ഖിലാഫത്ത് പെ ഈമാൻ ഹെ
യെ മില്ലത്ത് കി തൻസീമ് കി ജാൻ ഹെ
ഖിലാഫത്ത് സെ സിന്ദ ദിലോം മെ ഖുദാ
ഖിലാഫത്ത് ഗരീബോം കാ ഹെ ആസ്റാ
നഃ ക്യൂം ജാൻ വ ദിൽ സെ ഹൂം ഉസ്പർ ഫിദാ
ഉസീകെ ഹെ ദംസെ ഹമാരി ബഖാ
നഃ ഹോഗാ കഭീ അപ്നാ ഇഖ്ലാസ് കം
ബഢേഗാ ഉസീസെ ഹമാരാ ഖദം
ഖിലാഫത്ത് ക ജബ്തക് രഹേഗാ ഖിയാം
നഃ കംസോർ ഹോഗാ ഹമാരാ നിസാം.

അതിനുശേഷം അസീസ ബസ്മ ചീമ 'ഖിലാഫത്ത് കി ബറക്കാത്ത്' നെ സംബന്ധിച്ച് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ)ന്റെ താഴെ കാണുന്ന ഉദ്ധരണികൾ അവതരിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖിലാഫത്തിനെ സംബന്ധിച്ച് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"അല്ലാഹു രണ്ടുവിധത്തിലുള്ള ദിവ്യശക്തികൾ (ഖുദ്റത്തുകൾ) വെളിപ്പെടുത്തുന്നു. ഒന്നാമതായി നബിമാരുടെ കൈകൾകൊണ്ടുതന്നെ തന്റെ ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബിയുടെ മരണശേഷം വിഷമങ്ങൾ നേരിടേണ്ടിവരികയും ശത്രു വളരെ ശക്തിപ്രാപിക്കുകയും നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്നും ഉറപ്പിച്ചുകൊണ്ട് അതിലെ അംഗങ്ങൾതന്നെ അതിന്റെ ഭാവിയെക്കുറിച്ച് സംശയാലുക്കളാവുകയും നിരാശപ്പെട്ടുതുടങ്ങുകയും അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവശക്തനായ അല്ലാഹു രണ്ടാംതവണ തന്റെ പ്രബലമായ ദിവ്യശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു; ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ. നബി(സ) തിരുമേനിയുടെ മരണം ഒരു അകാലമരണമായി കരുതപ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മുർത്തദ്ദുകളായിപ്പോകുകയും സ്വഹാബിമാരും ദുഃഖഭാരത്താൽ ഭ്രാന്ത് പിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത് തന്റെ ദിവ്യശക്തിയുടെ ഹസ്തം നീട്ടികാണിക്കുകയും ഇസ്ലാമിനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു........

"അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തുകാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തിപ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു, നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും." (അൽവസിയ്യത്ത്)

ഇതിനുശേഷം അസീസ ആമിന സയ്യിദും അസീസ ഇസ്സ ബിലാലും 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖലീഫമാർ' എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. തുടർന്ന് ഹുദൂർ അയ്യദഹുല്ലാഹ് ചോദ്യങ്ങൾ ചോദിക്കാൻ പെൺകുട്ടികൾക്ക് അനുവാദം നല്കി.

- ഒരു പെൺകുട്ടി ചോദിച്ചു: അങ്ങ് വന്നപ്പോൾ ഒരു പദ്യം ചൊല്ലുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. അതിപ്പോൾ ചൊല്ലാമോ? ഈ പദ്യം 'ദുർ റൈഥമീനിൽ' ഉള്ളതാണ്. 'സുബ്ഹാന മൻയ്യറാനീ.' മറ്റൊരു പെൺകുട്ടി ഖസീദ കേൾപിക്കാനും അവസരം ചോദിച്ചു.

ഇതുകേട്ട് ഹുദൂർ വെറും രണ്ടുവരി പദ്യം കേൾപിക്കാൻ നിർദ്ദേശിച്ചു. 'യാ റബ്ബി സ്വല്ലി അലാ നബിയ്യിക്ക ദാഇമൻ' വീണ്ടും ചൊല്ലാൻ പറഞ്ഞു.

- ഒരു കുട്ടി ചോദിച്ചു: ഹുദൂർ ഇതുവരെ എത്രപ്രാവശ്യം വിശുദ്ധഖുർആൻ ഖത്തം ചെയ്തിട്ടുണ്ടാകും.

ഹുദൂർ പറഞ്ഞു: 'നിരവധി തവണ ചെയ്തിട്ടുണ്ട്. ഒരിക്കലും എണ്ണിയിട്ടില്ല. വർഷത്തിൽ 4, 7 തവണ ഖത്തം ചെയ്യാറുണ്ട്.'

- ഒരു കുട്ടി ചോദിച്ചു: അങ്ങ് ഖലീഫയായപ്പോൾ എന്താണ് തോന്നിയത്?

ഹുദൂർ പറഞ്ഞു: 'മുമ്പേ പലതവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണിത്. വീണ്ടും വീഡിയോ കാണുക. വളരെ ഭാരമാണ്. വളരെ പ്രയാസമുള്ള ജോലിയാണ്.'

- ഒരു കുട്ടി ചോദിച്ചു: 'ഏതു പ്രായം മുതലാണ് സ്കൂളിൽ തട്ടമിടേണ്ടത്?'

ഹുദൂർ പറഞ്ഞു: '12 വയസ്സ് മുതൽ. പക്ഷേ, വസ്ത്രം യോജിച്ചതും നാണം മറയ്ക്കുന്നതും ആയിരിക്കേണ്ടതാണ്.'

- ഒരു കുട്ടി ചോദിച്ചു: അങ്ങ് ചെറുതായിരിക്കുമ്പോൾ ഏതുരീതിയിലുള്ള ഗുരുത്വക്കേടാണ് ചെയ്തിട്ടുള്ളത്?

ഹുദൂർ പറഞ്ഞു: 'ചെയ്തിട്ടുണ്ടാകും എന്നത് പ്രകടമാണ്. ഇപ്പോൾ ഓർമയില്ല. ഞാൻ അധികവും ഒരുമയിലാക്കുകയാണ് ചെയ്തിരുന്നത്.'

- ഒരു പെൺകുട്ടി ചോദിച്ചു: അങ്ങ് ചെറുതായിരിക്കുമ്പോൾ ഉമ്മ പറഞ്ഞത് അനുസരിച്ചിരുന്നുവോ? സഹായിച്ചിരുന്നുവോ?

ഹുദൂർ പറഞ്ഞു: 'എല്ലാ കല്പനയും അനുസരിച്ചിരുന്നു. ബാസാറിൽനിന്ന് സാധനങ്ങൾ വാങ്ങികൊണ്ടുവന്നു കൊടുത്തിരുന്നു.'

● ഒരു പെൺകുട്ടി ചോദിച്ചു: അങ്ങ് ഏതെല്ലാം കളറുകളാണ് ഇഷ്ടപ്പെടുന്നത്?

ഹുദൂർ പറഞ്ഞു: 'ഒരിക്കലും ചിന്തിച്ചിട്ടില്ല. എല്ലാ കളറും നല്ലതുതന്നെയാണ്.'

● ഒരു കുട്ടി ചോദിച്ചു: അങ്ങയ്ക്ക് ഫ്രീടൈം ഉണ്ടാകുമ്പോൾ ഭക്ഷണം പാചകം ചെയ്യാറു ണ്ടോ?

ഹുദൂർ പറഞ്ഞു: 'ആദ്യമൊക്കെ പാചകം ചെയ്യാറുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ സമയമില്ല.'

● ഒരു പെൺകുട്ടി ചോദിച്ചു: അങ്ങയ്ക്കിഷ്ടപ്പെട്ട പുഷ്പം ഏതാണ്?

ഹുദൂർ പറഞ്ഞു: 'റോസാപുഷ്പം.'

● ഒരു പെൺകുട്ടി ചോദിച്ചു: അങ്ങയ്ക്കിഷ്ടപ്പെട്ട ഡിഷ് ഏതാണ്?

ഹുദൂർ പറഞ്ഞു:'സ്വാദിഷ്ടമായ എല്ലാ ഭക്ഷണവും ഇഷ്ടമാണ്. സീഫുഡ്സ് ഇഷ്ടമാണ്.'

● ഒരു കുട്ടി ചോദിച്ചു: അങ്ങയ്ക്കിഷ്ടപ്പെട്ട കളി ഏതാണ്?

ഹുദൂർ പറഞ്ഞു: 'ഇതേ ചോദ്യം ആൺകുട്ടികളും ചോദിച്ചിരുന്നു. കുട്ടിക്കാലത്ത്, യുവത്വകാലത്ത് ക്രിക്കറ്റ് കളിക്കാറുണ്ടായിരുന്നു.'

● ഒരു പെൺകുട്ടി ചോദിച്ചു: 'യൂറോപ്യൻകാർ ഇസ്ലാമിനെ വെറുക്കുന്നതെന്തുകൊണ്ടാണ്? അല്ലാഹുവിനെ എന്തുകൊണ്ടാണ് വിശ്വസിക്കാത്തത്?

ഹുദൂർ പറഞ്ഞു: 'ധാരാളം മുസ്ലിംകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടില്ല. അവരിൽ ശരിയായ ഇസ്ലാമികാധ്യാപനമില്ല. മുസ്ലിംകൾ ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനത്തെ തെറ്റായ നിലയിൽ അവതരിപ്പിക്കുന്നു. ഇസ്ലാം പറയുന്നത് ശത്രുവിനോടുപോലും അന്യായം കാണിക്കരുതെന്നാണ്. ഇസ്ലാം നീതിയുടെ പാഠമാണ് നല്കുന്നത്; മുസ്ലിംകൾ നീതി പാലിക്കുന്നുമില്ല. ഭരണകൂടത്തിന്റെ നിയമങ്ങൾ പാലിക്കാൻ ഇസ്ലാം പറയുന്നു. പക്ഷേ, പൊതുവെ മുസ്ലിംകൾ അതു പാലിക്കുന്നില്ല. ഇപ്രകാരംതന്നെ മറ്റു പല ഇസ്ലാമികാധ്യാപനങ്ങളനുസരിച്ചും പ്രവർത്തിക്കുന്നില്ല. വഴക്കിടുന്നു. മുസ്ലിം ഭരണകൂടങ്ങൾ സ്വന്തം ആളുകളെ വധിച്ചുകൊണ്ടിരിക്കുന്നു. ആളുകൾ സർക്കാരിനെതിരെ രാജദ്രോഹം ചെയ്യുന്നു. rebel ഉണ്ടാകുന്നു. അതെല്ലാം യൂറോപ്യൻകാർ കാണുമ്പോൾ ഇസ്ലാം അത്തരം മതമാണെന്ന് ധരിക്കാൻ തുടങ്ങുന്നു. ചിലയാളുകൾ ഭീകരാക്രമണവും കൊലപാതകവും നടത്തുന്നു. പക്ഷേ, ഇതു ഇസ്ലാമല്ലെന്നും ഇസ്ലാം സമാധാനത്തിന്റേയും രഞ്ജിപ്പിന്റേയും ശാന്തിയുടേയും മതമാണെന്നും, ഇസ്ലാമിന്റെ അർഥം തന്നെ സമാധാനമാണെന്നും അതുകൊണ്ട് നമുക്ക് അതിനെ ഭീകരവാദത്തിന്റെ മതമാണെന്ന് പറയാൻ പറ്റുകയില്ലെന്നും നമ്മൾ അവരോടു പറയുന്നു.

ഇസ്ലാം ഇതാണെന്ന് ഞാൻ വിവിധ സ്ഥലങ്ങളിലും കോൺഫ്രൻസുകളിലും പറയാറുണ്ട്. അപ്പോൾ ഇസ്ലാം വളരെ മനോഹരമായ മതമാണെന്ന് അവർ പറയുന്നു. ഇതുപോലെതന്നെ നമ്മൾ ലീഫ്ലെറ്റ് വിതരണം ചെയ്യുമ്പോൾ ജനങ്ങൾക്ക് ശരിയായ ഇസ്ലാമിനെ കുറിച്ച് അറിയാൻ കഴിയുന്നു; ഇത്തരം ഇസ്ലാമിനെ തങ്ങൾ ഇഷ്ടപ്പെടുന്നുവെന്നും അവർ പറയുന്നു. നിങ്ങൾ എം.ടി.എ കാണുകയാണെങ്കിൽ, അതിൽ വിവിധ പരിപാടികൾ വരാറുണ്ട്. അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിക്കുന്ന ഇസ്ലാം വളരെ നല്ല ഇസ്ലാമാണെന്ന് യൂറോപ്യൻകാർ പ്രകടിപ്പിക്കാറുണ്ട്. അതുകൊണ്ട് യഥാർഥ ഇസ്ലാം അഹ്മദികളായ നമ്മൾ പറയുന്നതാണ്.

മുസ്ലിംകൾ ഒരു കാലഘട്ടത്തിൽ വഴിപിഴച്ചുപോകുമെന്നും യഥാർഥ അധ്യാപനം മറന്നുപോകുമെന്നും അക്കാലത്ത് മഹ്ദി വരുമെന്നും അദ്ദേഹം ഇസ്ലാമിന്റെ യഥാർഥ അധ്യാപനം പറയുന്നതായിരിക്കുമെന്നും നബി(സ)തിരുമേനിയും പ്രവചനം ചെയ്തിരുന്നു. നിങ്ങൾ കാണുന്ന ഇസ്ലാം ശരിയായ ഇസ്ലാമല്ലെന്ന് അഹ്മദികളായ നിങ്ങൾ മറ്റു മുസ്ലിംകളോട് പറയുക. പ്രത്യുത ഏതു ഇസ്ലാമാണോ നബി(സ) തിരുമേനി കൊണ്ടുവന്നത്, വിശുദ്ധഖുർആൻ നമ്മളോടു പറഞ്ഞത് അത് ശാന്തിയുടേയും സമാധാനത്തിന്റേയും ഇസ്ലാമാണെന്നും അഹ്മദികൾ അതനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും പറയുക.

● ഒരു കുട്ടി ചോദിച്ചു:അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഹുദൂർ പറഞ്ഞു: 'അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസം ഇതാണ്. നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നതാണിത്. സൂറ ജുമുഅയിലും ഇതേകുറിച്ച് പറയുന്നുണ്ട്. അവസാനകാലത്ത് മസീഹ് മൗഊദ് വരുമെന്ന് അനഹ്മദിയും വിശ്വസിക്കുന്നു. മസീഹ് മൗഊദും മഹ്ദി മഅ്ഹൂദും വരുമെന്ന് അനഹ്മദിയും വിശ്വസിക്കുന്നു. പക്ഷേ, അവർ പറയുന്നത് മസീഹ് ആകാശത്തുനിന്ന് ഇറങ്ങുമെന്നാണ്. ഈസാ(അ) ആകാശത്ത് ജീവിച്ചിരിക്കുകയാണ്, അദ്ദേഹം വീണ്ടും വരുന്നതായിരിക്കും. എന്നാൽ, നമ്മൾ പറയുന്നത് ഒരു മനുഷ്യനും അനശ്വരനായി ജീവിച്ചിരിക്കാൻ സാധ്യമല്ല. ആർക്കെങ്കിലും അങ്ങനെയിരിക്കാൻ അർഹതയുണ്ടെങ്കിൽ അത് നബി(സ) തിരുമേനിക്കാണ്. അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട നബി മുഹമ്മദ്(സ) ആകുന്നു. അദ്ദേഹം ജീവിച്ചിരിക്കുന്നില്ലെങ്കിൽ ഈസാ(അ) ജീവിച്ചിരിക്കുന്നതെങ്ങനെ? നമ്മൾ മറ്റു മുസ്ലിംകളോടു പറയുന്നത്, ആരും ആകാശത്തുനിന്ന് വരികയില്ലെന്നും മഹ്ദിയോടൊപ്പം ചേർന്ന് മുസ്ലിംകൾക്ക് മാർഗദർശനം നല്കുകയില്ലെന്നും ക്രിസ്ത്യാനികളെ കൊല്ലുകയില്ലെന്നും മറിച്ച്, മസീഹും മഹ്ദിയും ഒരേയൊരാളാണെന്നും ആ മഹ്ദിയും മസീഹും മുസ്ലിംകൾക്ക് സന്മാർഗം നല്കുന്നതാണെന്നുമാണ്. നമ്മൾ പ്രമാണംകൊണ്ട് മറ്റുള്ളവരുടെ ആക്ഷേപങ്ങൾ ഖണ്ഡിക്കുന്നു. യഥാർഥ അധ്യാപനം എന്താണെന്നും എല്ലാവരേയും ഒരേയൊരു കൈയിൽ സംഘടിപ്പിക്കുകയാണെന്നും ജനങ്ങൾക്ക് നമ്മൾ പറഞ്ഞുകൊടുക്കണം.

ഏതൊരു മസീഹും മഹ്ദിയുമാണോ വരേണ്ടിയിരുന്നത് അദ്ദേഹം ഉമ്മത്തിൽനിന്നുതന്നെ വന്നിരിക്കുന്നുവെന്ന് നമ്മൾ വിശ്വസിക്കുന്നു. നബി(സ)തിരുമേനിയും സ്വഹീഹുബുഖാരിയിൽ അദ്ദേഹം ഉമ്മത്തിൽനിന്ന് വരേണ്ടതിനെക്കുറിച്ച് സുവാർത്ത അറിയിച്ചിരിക്കുന്നു. അതുകൊണ്ടു വരേണ്ടയാൾ വന്നിരിക്കുന്നു. ആ മസീഹ് മൗഊദ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ്(അ) തന്നെയാണ്. നമ്മൾ അദ്ദേഹത്തെ നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് വിശ്വസിക്കുന്നു. അനഹ്മദി പറയുന്നത് അദ്ദേഹം ഇന്നുവരെ വന്നിട്ടില്ലെന്നാണ്. അദ്ദേഹം ആകാശത്തുനിന്നുതന്നെയാണ് വരേണ്ടതത്രെ!

മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് പറഞ്ഞിട്ടുള്ള അടയാളങ്ങളും പുലർന്നുകഴിഞ്ഞിരിക്കുന്നു. അവയിൽ പുതിയ യാത്രാവാഹനങ്ങൾ വരുന്നതിനെ സംബന്ധിച്ചും പറയുന്നുണ്ട്. ട്രെയിനുകൾ ഉണ്ടാകുന്നതായിരിക്കും. വിമാനങ്ങൾ ഉണ്ടാകുന്നതായിരിക്കും. സൂര്യനും ചന്ദ്രനും റമളാൻമാസത്തിൽ നിശ്ചിതതിയതികളിൽ ഗ്രഹണമുണ്ടാകുന്നതായിരിക്കും. അതും പുലർന്നു. അതിനാൽ, നമ്മുടെ പക്കൽ തെളിവുകളുണ്ട്. വിശുദ്ധഖുർആനിന്റെയും നബി(സ) തിരുമേനിയുടേയും പ്രവചനമനുസരിച്ച് വരേണ്ടിയിരുന്ന ആൾ വന്നുകഴിഞ്ഞിരിക്കുന്നു. നമ്മൾ അദ്ദേഹത്തെ വിശ്വസിച്ചിരിക്കുന്നു. ഇനി വേറെ ആരും വരാനില്ല. എന്നാൽ, മറ്റു മുസ്ലിംകൾ പറയുന്നത് ആകാശത്തുനിന്ന് വരുമെന്നാണ്!

ഹുദൂർ പറഞ്ഞു: 'നിങ്ങൾ അടയാളങ്ങളും തെളിവുകളും ഹൃദിസ്തമാക്കുക.'

● ഒരു കുട്ടി ചോദിച്ചു: അങ്ങയുടെ നിത്യചര്യ എന്താണ്?

ഹുദൂർ പറഞ്ഞു: 'പലതവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഇനിയും പറഞ്ഞുതരാം. അതിരാവിലെ തഹജ്ജുദിന് എഴുന്നേല്ക്കുന്നു. അതിനുശേഷം അല്പം ഖുർആൻ പാരായണം ചെയ്യുന്നു. സുന്നത്ത് നമസ്കരിക്കുന്നു. പിന്നീട് നമസ്കരിക്കുന്നതിനു പോകുന്നു. തിരിച്ചുവന്ന് അല്പം വ്യായാമം ചെയ്യുന്നു. അതുകഴിഞ്ഞ് വിശുദ്ധഖുർആനിന്റെ തഫ്സീർ വായിക്കുന്നു. അതിനുശേഷം അല്പം ഉറങ്ങുന്നു. എഴുന്നേറ്റ് നാശ്ത കഴിക്കുന്നു. തുടർന്ന് ഓഫീസിൽ പോകുന്നു. വിവിധ ഓഫീസുകളിലേയും കമ്മിറ്റികളിലേയും ആളുകൾ കൂടിക്കാഴ്ചയ്ക്ക് വരുന്നു. ഇപ്രകാരംതന്നെ ചില രാജ്യങ്ങളിലെ അമീറുമാരും കൂടിക്കാഴ്ചയ്ക്ക് വരാറുണ്ട്.

രണ്ടുമൂന്ന് മണിക്കൂർ ഇങ്ങനെ കടന്നുപോകുന്നു. പിന്നീട് ളുഹ്ർ നമസ്കരിക്കാൻ പോകുന്നു. തുടർന്ന് വീട്ടിൽവന്ന് ഭക്ഷണം കഴിക്കുന്നു. അല്പം വിശ്രമിക്കുന്നു. പിന്നീടെഴുന്നേറ്റ് ഓഫീസിൽ പോകുന്നു. ഓഫീസിലെ കത്തുകളും വിവിധ മിഷനുകളിലെ പോസ്റ്റുകളും നോക്കുന്നു. വൈകുന്നേരം ചായ കുടിച്ച് അസ്ർ നമസ്കരിക്കാൻ പോകുന്നു. ആളുകൾ കൂടിക്കാഴ്ചയ്ക്കായി വരുന്നു. അങ്ങനെ ഒന്നുരണ്ടു മണിക്കൂർ ചെലവാകുന്നു. പിന്നീട് വെളിയിൽനിന്നുവന്ന തപാലുകൾ നോക്കുന്നു. അതുകഴിഞ്ഞ് രാത്രി ഭക്ഷണം കഴിക്കുന്നു. ഇശാ നമസ്കരിക്കാൻ പോകുന്നു. ഏതെങ്കിലും ബന്ധു കാണാൻ വന്നാൽ 5, 7 മിനിറ്റ് അവരുമായി കാണുന്നു. വീണ്ടും ഓഫീസിൽ പോയി തപാലുകൾ നോക്കുന്നു. അപ്പോൾ രാത്രിയായിട്ടുണ്ടാകും. 11, 11.30 ആകുമ്പോൾ കുറച്ച് ഗ്രന്ഥം വായിക്കുന്നു. പത്രങ്ങൾ തുടങ്ങിയവ നോക്കുന്നു. പിന്നീട് അല്പം ഉറങ്ങുന്നു. പിന്നീട് ഇതെല്ലാം ആവർത്തിക്കുന്നു. ഇതിന്നിടയിൽ ആളുകളുടെ ധാരാളം കത്തുകൾ വരുന്നു. അതും വായിക്കുന്നു. ആഴ്ചയിൽ ഏഴെട്ടായിരം കത്തുകൾ വരാറുണ്ട്. കത്തുകളുടെ സംക്ഷിപ്തവും തയ്യാറായി വരാറുണ്ട്. ആറേഴായിരം കത്ത് നേരിട്ടും വരാറുണ്ട്. നിങ്ങളും കത്തുകളെഴുതുക.

ഹുദൂർ കുട്ടികളോടു ചോദിച്ചു: 'എപ്പോഴെങ്കിലും നിങ്ങൾ കത്തെഴുതാറുണ്ടോ? എന്റെ ഒപ്പോടുകൂടി മറുപടി ലഭിക്കാറുണ്ടോ? അതല്ല പ്രൈവറ്റ് സെക്രട്ടറി സാഹിബിന്റെ ഒപ്പോടുകൂടിയാണോ ലഭിക്കുന്നത്? ആരുടെ ഒപ്പോടുകൂടിയാണ് കത്തു വരുന്നതെന്ന് എപ്പോഴെങ്കിലും നോക്കിയിട്ടുണ്ടോ? നിങ്ങളുടെ കത്തിന് മറുപടി കിട്ടിയോ?' അപ്പോൾ കുട്ടികൾ പറഞ്ഞു: ഹുദൂറിൽനിന്ന് ഞങ്ങൾക്ക് മറുപടി കിട്ടാറുണ്ട്. ഹുദൂർ പറഞ്ഞു: 'ഇങ്ങനെയാണ് ദിവസം കഴിഞ്ഞുപോകുന്നത്.' (തുടരും...)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

( പേജ് 9ൽ നിന്ന്)

ത്തിന്റെ എല്ലുകൾ അതിലെറിയുകയും ചെയ്യുന്നു. എന്നിട്ടും ഗംഗാജലം പരിശുദ്ധമാണെന്ന് അവർ വിശ്വസിക്കുന്നു. അതിനുള്ള തെളിവെന്താണെന്ന് അവരോട് ചോദിച്ചാൽ തന്റെ ഹൃദയത്തിൽ തെളിവുണ്ടെന്നായിരിക്കും അവർ പറയുക. അതു വിവരിക്കാൻ സാധ്യമല്ലത്രെ! അപ്രകാരം തന്നെയാണ് ആര്യസമാജക്കാർ പരമേശ്വരനെ ലോകത്തിന്റെ മുമ്പിൽ സമർപിക്കുന്നത്. അവരുടെ പക്കൽ ഒരു 'മേസ്തിരി' അല്ലെങ്കിൽ ശില്പിയെക്കാൾ വലുതല്ല ദൈവം. കാരണം പരസ്പരം കൂട്ടിയോജിപ്പിക്കുക എന്ന പണിയല്ലാതെ സൃഷ്ടിപ്പിന്റെ ഉദാത്തമായ പ്രക്രിയയിൽ പങ്കില്ലാത്തവനാണ് ദൈവം. ആത്മാക്കളിലോ പരമാണുക്കളിലോ അവന് നിയന്ത്രണമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ അവൻ അവയെ സൃഷ്ടിച്ചിട്ടില്ല. തന്റെ ഭക്തദാസർക്ക് മോക്ഷം നല്കാനും അവന് സാധിക്കുകയില്ല. അങ്ങനെയായാൽ ആ വ്യവസായശാല മുഴുവൻ തകിടം മറിഞ്ഞുപോകും! കൈവിട്ടുപോകും! അവരുടെ ദൈവം തന്റെ ആത്മാർഥദാസന്റെ പ്രാർഥനയും കേൾക്കുകയില്ല. ആർക്കെങ്കിലും എന്തെങ്കിലും അനുഗ്രഹം നല്കാനും അവന് സാധ്യമല്ല. കാരണം, അവൻ എന്ത് ആർക്ക് നല്കിയാലും അതെല്ലാം അവരുടെ കർമഫലമാണ്. ചുരുക്കത്തിൽ, ഓരോ കൂട്ടരും ദൈവത്തെ ലോകത്തിന് സമർപിക്കുന്നതു കാണുമ്പോൾ ലജ്ജ തോന്നുന്നു. യഥാർഥ ശ്രേഷ്ഠതയും മാന്യതയും ഇസ്ലാമിനു മാത്രമാണ്. അതായത് ഇസ്ലാം വിഭാവന ചെയ്യുന്ന ദൈവത്തെ വിശ്വസിക്കുന്നവർ ഒരിടത്തും നാണം കെടുകയില്ല. അവൻ പരിപൂർണനായ ദൈവത്തിന്റെ തുലാസിന്റെ തട്ടാണ് പിടിച്ചിട്ടുള്ളത്. പരിപൂർണത നേടിയവർ ദൈവികസന്നിധിയിലെത്തുകയും ചെയ്യും. (അൽഹക്കം, വാല്യം 5, നമ്പർ 1, പേജ് 2–4. 1901 ജനുവരി 10 മൽഫൂദാത്ത് വാല്യം 2. പേജ് 163–171)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 18 October 2018 Issue-42

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# അഹ്മദിയ്യാ ഫിഖ്ഹ്-12

### സോക്സുകളിൽ മസഹ്(തടവുക) ചെയ്യൽ:

(തുടർച്ച..) വുളു ചെയ്യുമ്പോൾ സോക്സ് ധരിച്ചിട്ടുണ്ടെങ്കിൽ അതിനുശേഷം വുളു ചെയ്യുന്ന നേരത്ത് സോക്സു ഊരുകയും കാലുകൾ കഴുകുകയും ചെയ്യേണ്ടത് നിർബന്ധമല്ല. പ്രത്യുത വാസസ്ഥലത്താണെങ്കിൽ ഒരു രാവും ഒരുപകലും യാത്രയിലാണെങ്കിൽ മൂന്നുരാവും മുന്നൂ പകലും അവയുടെമേൽ തടകാവുന്നതാണ്. ഈ സമയത്തിന്റെ അളവ് സോക്സുകൾ ധരിക്കുന്ന സമയം മുതലല്ല, പ്രത്യുത വുളുമുറിയുന്ന നേരം മുതൽ തുടങ്ങുന്നതായിരിക്കും. സോക്സുകൾ ഉപയോഗിക്കാൻ കൊള്ളാവുന്നതുവരെ അവയിൽ തടകാവുന്നതാണ്. ഇനി സോക്സ് അല്പസ്വല്പം കീറിയതാണെങ്കിൽ ഉദാഹരണത്തിന് പുറംഭാഗത്ത് ഉപ്പുകുറ്റി കാണുകയാണെങ്കിൽ ഏകദേശം മൂന്നു വരിൽവണ്ണം കീറിയിട്ടുണ്ടെങ്കിൽ എന്നാൽ, ഉപയോഗയോഗ്യമാണെങ്കിൽ കുറ്റമൊന്നുമില്ല. അത്തരം സോക്സുകളുടെമേൽ തടവൽ അനുവദനീയനമാണ്.

### മസഹ് അഥവാ തടവുന്നതിന്റെ സുന്നത്താക്കപ്പെട്ട രീതി:

കൈ വെള്ളത്തിൽ നനച്ച് അവയുടെ വിരലുകൾ സോക്സുകളുടെ മുകളിൽ തടവുക. അല്ലെങ്കിൽ അവയിൽ നനഞ്ഞ കൈ വെക്കുക. തൊലികൊണ്ടുള്ള സോക്സിലും അടച്ചുകെട്ടുള്ള ബൂട്ടിലും തടവൽ അനുവദനീയമാണ്. അവ ധരിച്ച് നമസ്കരിക്കുകയും ചെയ്യാം. ഇനി ഒരു സോക്സ് ഊർന്നുപോയാൽ രണ്ടാമത്തെ സോക്സും അഴിച്ച് ഇരുകാലുകളും കഴുകി വീണ്ടും സോക്സ് ധരിക്കേണ്ടതാണ്. ഒരു കാലുമാത്രം കഴുകുകയും സോക്സു ധരിച്ചിട്ടുള്ള മറ്റേ കാലിൽ തടവുകയും ചെയ്യുന്നത് അനുവദനീയമല്ല. വുളു ഉണ്ടാകുകയും എന്നാൽ, തടവിന്റെ കാലാവധി അവസാനിക്കുകയും ചെയ്താൽ സോക്സുകൾ ഊരി കാലുകൾമാത്രം കഴുകുന്നത് മതിയായതാണ്. മുഴുവൻ വുളുവും എടുക്കേണ്ട ആവശ്യമില്ല. ഏതെങ്കിലും അവയവത്തിൽ മുറി ഉണ്ടാകുകയും അതു കഴുകുന്നത് ഹാനികരവുമാണെങ്കിൽ-അതിൽ ബാന്റേജ് കെട്ടിയിട്ടുണ്ടെങ്കിൽത്തന്നെയും അല്ലെങ്കിൽ തുറന്നിരിക്കുകയാണെങ്കിലും വുളു ചെയ്യുന്ന നേരത്ത് ആ അവയവം കഴുകുന്നതിനുപകരം അതിൽ തടവിയാൽ മതിയായവുന്നതാണ്.

തടവാനുള്ള അനുവാദത്തിൽ ഇളവിന്റേയും സൗകര്യത്തിന്റേയും വശം പരിഗണിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ ആവർത്തിച്ച് സോക്സ് ഊരുകയും ഇടുകയും ചെയ്യുന്നത് ഒഴിവാക്കാനും ബുദ്ധിമുട്ടിൽ അകപ്പെടാതിരിക്കാനും വേണ്ടിയാണിത്.

### തയമ്മുവും അതിന്റെ മസഅലകളും:

വെള്ളം ഉപയോഗിക്കുന്നത് ബുദ്ധിമുട്ടാണെങ്കിൽ ഉദാഹരണത്തിന് വുളു ചെയ്യാൻ വെള്ളം കിട്ടാതിരിക്കുകയോ വെള്ളം ഉപയോഗിച്ചാൽ രോഗം ബാധിക്കുമെന്നോ വർധിക്കുമെന്നോ ഭയപ്പെടുകയോ ചെയ്യുന്നതായാൽ വുളുവിനു പകരം 'തയമ്മും' ചെയ്യേണ്ടതാണ്. അതായത് വൃത്തിയുള്ള മണ്ണിലോ മണ്ണുള്ള വസ്തുവിലോ സ്ഥലത്തോ നമസ്കരിക്കുന്നുവെന്ന നിയ്യത്തോടുകൂടി ബിസ്മില്ലാഹ് ചൊല്ലി രണ്ടും കൈയും അടിച്ച് ആദ്യം മുഖം തടവുക. വീണ്ടും ഇരുകൈയും മണ്ണിലടിച്ച് രണ്ട് കൈയും മുട്ടുവരെ തടവുക. രണ്ട് കൈയും ഒരു പ്രാവശ്യം മാത്രം മണ്ണിലടിച്ച് അതുകൊണ്ട് മുഖവും കൈപ്പടവും തടവിയാലും മതിയായതാണ്. ഇനി കൈകൾ തുറന്നിരിക്കുകയും കോട്ടോ സ്വറ്ററോ ഇടാതിരിക്കുകയും, തുറന്ന കൈത്തണ്ടയുമാണെങ്കിൽ കൈമുട്ടുവരെ തടവേണ്ടതാണ്. കൈയിൽ കൂടുതൽ മണ്ണ് പറ്റിയിട്ടുണ്ടെങ്കിൽ തടവുന്നതിനുമുമ്പേ കുടഞ്ഞു കളയുന്നത് അനുവദനീയമാണ്.

നിർബന്ധമായ കുളിക്കും ഇതേ രീതിയിൽ വുളുവിനു ചെയ്യുന്നതുപോലെ തയമ്മും ചെയ്യുവുന്നതാണ്. ഈ തയമ്മും ചെയ്തതിനുശേഷം മനുഷ്യൻ പരിശുദ്ധനായിത്തീരുന്നു. അവന് ഏതു നമസ്കാരമാണെങ്കിലും നമസ്കരിക്കാവുന്നതാണ്. വീട്ടിലും മസ്ജിദിൽപോയും നമസ്കരിക്കുന്നതിന് ഒരു തടസവുമില്ല. വെള്ളം കിട്ടാതിരിക്കുന്നതുവരെ അല്ലെങ്കിൽ അത് ഉപയോഗിക്കാൻ സാധിക്കാത്തതുവരെ തയമ്മുംകൊണ്ട് നമസ്കരിക്കാവുന്നതാണ്. ഇപ്രകാരംതന്നെ ഒരൊറ്റ തയമ്മുംകൊണ്ട് പലനമസ്കാരങ്ങളും നിർവഹിക്കാൻ അനുവാദമുണ്ട്. ഏതു കാരണത്താലാണോ വുളു മുറിയുന്നത് അതേ കാരണത്താൽ തയമ്മുവും മുറിയുന്നതാണ്. ഇതിനുപുറമെ വെള്ളം കിട്ടുകയും ആരോഗ്യം ലഭിക്കുകയും ചെയ്തതിനുശേഷം വെള്ളം ഉപയോഗിക്കാൻ പ്രാപ്തനാകുമ്പോൾ തയമ്മും പാടില്ല. അപ്പോൾ വുളു ചെയ്യേണ്ടത് നിർബന്ധമായിത്തീരും.

തയമ്മുംകൊണ്ട് ബാഹ്യമായ ശുചിത്വത്തിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നില്ലെങ്കിലും ഏകാഗ്രചിത്തനാകാനും ശ്രദ്ധ ഒരിടത്ത് കേന്ദ്രീകരിക്കാനും ഒരു സുപ്രധാനവും അനുഗൃഹീതവുമായ ജോലി ചെയ്യുന്നതിന് സന്നദ്ധത ഉണ്ടാക്കാനുമുള്ള ഉദ്ദേശ്യം അതിൽനിന്ന് കരസ്ഥമാകുന്നതാണ്. ഇതുകൂടാതെ പ്രതിരൂപപരമായ ഭാഷയിൽ വിനയപരമായ ദുആയുടെ വർണവും അതിൽ ലഭിക്കുന്നു. തയമ്മും ചെയ്യുന്നയാൾ, ഞങ്ങളുടെ അല്ലാഹുവേ! നിന്റെ വെള്ളംകൂടാതെ ഞങ്ങൾ പൊടിപുരണ്ടവരായിത്തീരുന്നു, നിന്റെ ഈ നിഅ്മത്ത് ഞങ്ങൾക്കു കിട്ടിയില്ലെങ്കിൽ ഞങ്ങളുടെ ശരീരം പൊടപടലങ്ങൾകൊണ്ട് നിറയുന്നതാണ്, അതിനാൽ നീ എത്രയും വേഗം വെള്ളം നല്കിയാലും എന്നു പറയുന്നതുപോലെയാണ്!

### വെള്ളവും അതിന്റെ മസലകളും:

ശുദ്ധി കൈവരിക്കുന്നതിനുള്ള യഥാർഥമാർഗമാണ് വെള്ളം. ശുദ്ധവും നിർമലവുമായ വെള്ളം ഉപയോഗിക്കേണ്ടതാണ്. മഴ, അരുവി, കിണർ, കുളം, നദിയിലേയും കടലിലേയും വെള്ളം ഇതെല്ലാം ശുദ്ധമാണ്. അതുകൊണ്ട് മറ്റു വസ്തുക്കൾ കഴുകി കൂടുതൽ വൃത്തിയുള്ളതാക്കാവുന്നതാണ്. ആരോഗ്യത്തെ പരിഗണിച്ച് മോശമായ വെള്ളമാണെങ്കിൽ, ഉദാഹരണത്തിന് അതിൽ ഇലകളും മറ്റുംവീണ് ചീയുകയോ തുണികൾ തുടങ്ങിയവ വീഴുകയോ ചെയ്താൽ അത് വൃത്തിയാക്കേണ്ടതാണ്. ഒഴുകുന്ന വെള്ളമാണെങ്കിൽ അല്ലെങ്കിൽ വിസ്തൃതമായി കിടക്കുന്നതാണെങ്കിൽ നിസാര നജസ് വീഴുന്നതുകൊണ്ട് അശുദ്ധമാകുകയില്ല; ആ നജ സ് കാരണത്താൽ അതിന് നിറമോ ദുർഗന്ധമോ, അരുചിയോ ഉണ്ടായാലൊഴികെ! അപ്പോൾ അത് ഉപയോഗശൂന്യമായിപ്പോകും. ഇനി വെള്ളം കുറവാണെങ്കിൽ അതായത് മൂന്നു നാലു കൂജയെക്കാൾ കുറവാണെങ്കിൽ അതിൽ എന്തെങ്കിലും നജസായ വസ്തു വീണാൽ അശുദ്ധമാകും; ആ അശുദ്ധികാരണത്താൽ അതിന്റെ നിറമോ ദുർഗന്ധമോ അരുചിയോ മാറിയില്ലെങ്കിൽത്തന്നെയും. അതുകൊണ്ട് വുളു ചെയ്യുന്നതും കുളിക്കുന്നതും അനുവദനീയമായിരിക്കുകയില്ല. മറിച്ച് അതിനു പകരം തയമ്മും ചെയ്യേണ്ടതാണ്. അതുപോലെതന്നെ ആ വെള്ളംകോണ്ട് തുണികഴുകാനോ പാത്രം കഴുകാനോ പാടുള്ളതല്ല. ഏതൊരു വെള്ളമാണോ വുളുവിനോ കുളിക്കുന്നതിനോ ഉപയോഗിക്കുന്നത് ആവശ്യമുണ്ടായിട്ടും മറ്റുവെള്ളം കിട്ടാതിരുന്നാൽ ആ ഉപയോഗിച്ചവെള്ളംകൊണ്ട് വീണ്ടും വുളു ചെയ്യുന്നതോ കുളിക്കുന്നതോ ശരിയല്ല. മണ്ണുവീഴുമ്പോൾ വെള്ളം കലങ്ങുന്നു. എന്നാൽ, അതിന്റെ പരിശുദ്ധിയിൽ ഒരു വ്യത്യാസവും വരികയില്ല. കാരണം മണ്ണ് ശുദ്ധമാണ്. അതുകൊണ്ടുതന്നെ ആ വെള്ളവും ശുദ്ധമാണ്. അതുകൊണ്ട് വുളു തുടങ്ങിയവ ചെയ്യാവുന്നതാണ്.

വെള്ളംകൊണ്ടു കഴുകുകയും മാലിന്യങ്ങൾ അകലുകയും ചെയ്യുന്നതിനാൽ വസ്ത്രം ശുദ്ധമായിത്തീരുന്നു. എന്നാൽ, നജസ് കാണാൻ കഴിയാത്തതോ അതിന്റെ അടയാളം നീക്കാൻ കഴിയാത്തതോ ആണെങ്കിൽ വസ്ത്രത്തെ മൂന്നുപ്രാവശ്യം കഴുകേണ്ടതാണ്. ഓരോ തവണയും കഴുകിയതിനുശേഷം നല്ലവണ്ണം പിഴിയേണ്ടതാണ്. ഇങ്ങനെ അത് ശുദ്ധമായിത്തീരും. പാലുകുടിക്കുന്ന കുഞ്ഞ് വസ്ത്രത്തിൽ മൂത്രമൊഴിച്ചാൽ നല്ലവണ്ണം നമസ്കരിക്കുന്നതിന് അത് തിരുമിക്കഴുകേണ്ട ആവശ്യമില്ല; വെറും വെള്ളം കുടഞ്ഞാൽമതി. പെട്രോൾ തുടങ്ങിയവകൊണ്ടുള്ള ഡ്രൈക്ലീനിംഗ് കൊണ്ട് വസ്ത്രം ശുദ്ധമാകുന്നതാണ്. ഇരുമ്പോ മറ്റേതെങ്കിലും ലോഹംകൊണ്ടോ നിർമിക്കപ്പെട്ടിട്ടുള്ള വസ്തുക്കൾ ഉദാഹരണത്തിന് കത്തി തുടങ്ങിയവ അഴുക്കു പു രണ്ടാൽ മണ്ണിൽ നല്ലവണ്ണം തിരുമുകയോ തീയിൽ വെക്കുകയോ ചെയ്താൽ ശുദ്ധമാകുന്നതായിരിക്കും. ഇപ്രകാരംതന്നെ പാദരക്ഷയിൽ അഴുക്കുപുരണ്ടാൽ മണ്ണിൽ ഉരയ്ക്കുന്നതുകൊണ്ടും നടക്കുന്നതുകൊണ്ടും അത് ശുദ്ധമാകുന്നതായിരിക്കും. അതിട്ട് നമസ്കരിക്കാവുന്നതാണ്. എങ്കിലും വൃത്തി മുന്നിൽ കണ്ടുകൊണ്ട് മസ്ജിദിൽ ചെരുപ്പിട്ട് കയറാതിരിക്കേണ്ടതാണ്. അഴുക്ക് വീണ് തറ നജസായാൽ വെയിലുകൊണ്ട് ഉണക്കുക. അഴുക്ക് മാഞ്ഞു പോകുന്നതിനാൽ അത് പരിശുദ്ധമാകുന്നതായിരിക്കും. അത് വെള്ളംകൊണ്ട് കഴുകേണ്ട ആവശ്യമില്ല. പന്നിയും പട്ടിയും കൂടാതെ മറ്റെല്ലാ മൃഗങ്ങളുടേയും തൊലി വെയിലത്തുണക്കുകയോ ചായം മുക്കുകയോ ചെയ്താൽ ശുദ്ധമാകുന്നതാണ്. അതുകൊണ്ട് ചെരുപ്പ് തുടങ്ങിയവ നിർമിക്കാവുന്നതാണ്. അത് മുസ്വല്ല എന്ന നിലയിലും ഉപയോഗിക്കാം.(പേജ് 54-56) (തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin